بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّی عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 40

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഒക്ടോബർ 4/ഹി:ശം:1397 ഇഖാ 4/ഹി:ഖ:1440 മുഹർറം 23

## അല്ലാഹുവിന്റെ വചനം

يُؤۡتِی الۡحِکۡمَۃَ مَنۡ یَّشَآءُ
ۚ وَمَنۡ یُّؤۡتَ الۡحِکۡمَۃَ
فَقَدۡ اُوۡتِیَ خَیۡرًا کَثِیۡرًا ؕ
وَمَا یَذَّکَّرُ اِلَّاۤ اُولُوا الۡاَلۡبَابِ ۝

താൻ ഉദ്ദേശിക്കുന്ന അവർക്ക് അവൻ യുക്തിജ്ഞാനം നല്കുന്നു. ആർക്കെങ്കിലും യുക്തിജ്ഞാനം നല്കപ്പെട്ടാൽ അവന് വളരെ അധികം നന്മകൾ നല്കപ്പെട്ടു. ബുദ്ധിമാന്മാരല്ലാതെ ആരും ചിന്തിച്ചു കാര്യങ്ങൾ മനസ്സിലാക്കുന്നില്ല.(2:270)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**ഇൽഹാമിയായ വചനങ്ങളിലുള്ള മർയം, ഈസാ എന്നതുകൊണ്ട് ഞാൻ തന്നെയാണുദ്ദേശ്യം. നാം അദ്ദേഹത്തെ ഒരടയാളമാക്കുമെന്ന് അല്ലാഹു അരുൾ ചെയ്തതും എന്നെക്കുറിച്ചുതന്നെയാണ്. ജനങ്ങൾ സംശയിക്കുന്നതും വരാനിരിക്കുന്നതുമായ അതേ ഈസബ്നുമർയം തന്നെയാണ് പറയപ്പെട്ടിരിക്കുന്നത്. ഇതുതന്നെയാണു സത്യം. വരാനിരിക്കുന്നയാൾ ഇതുതന്നെയാണ്. ഇതിലുള്ള സംശയം അജ്ഞതകൊണ്ടു മാത്രമാണ്. ദൈവരഹസ്യങ്ങളെക്കുറിച്ചറിയാത്തവരും യാഥാർഥ്യത്തിലേക്ക് ദൃഷ്ടിപായിക്കാതെ ബാഹ്യാർഥത്തിൽ മാത്രം ദൃഷ്ടി പായിക്കുന്നവരുമാണവർ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

പ്രിയമുള്ളവരേ, ചിന്തിക്കുക! അല്ലാഹുവിനെ ഭയപ്പെടുക. ഇതൊരിക്കലും മനുഷ്യന്റെ പ്രവൃത്തിയല്ല. വളരെ നേർത്തതും അതിസൂക്ഷ്മവുമായ ഈ യുക്തിജ്ഞാനങ്ങൾ മനുഷ്യന്റെ ബുദ്ധിസാമർഥ്യത്തിനും സങ്കല്പങ്ങൾക്കുമതീതമാണ്. ഒരു കാലം പിന്നിട്ട ബറാഹീനെ അഹ്മദിയ്യായുടെ രചനാസമയത്ത് ഈ ഗൂഢപദ്ധതിയെക്കുറിച്ച് എനിക്ക് ചിന്തയുണ്ടായിരുന്നുവെങ്കിൽ ഞാൻ അതേ ബറാഹീനെ അഹ്മദിയ്യായിൽ മസീഹ് ഈസബ്നു മർയം ആകാശത്തുനിന്ന് വീണ്ടും ഇറങ്ങുന്നതാണെന്ന് എന്തിന് എഴുതണം? ഈ സൂക്ഷ്മമായ കാര്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നുവെങ്കിൽ ഈ തെളിവ് ബലഹീനമാകുമെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. അതുകൊണ്ട് അവൻ ബറാഹീനെ അഹ്മദിയ്യായുടെ മൂന്നാം ഭാഗത്ത് എന്റെ നാമം മർയം എന്നു വെക്കുകയുണ്ടായി. ബറാഹീനെ അഹ്മദിയ്യായിൽനിന്ന് വ്യക്തമാകുന്നതുപോലെ രണ്ടുവർഷങ്ങൾവരെ മർയമീയ്യത്തിന്റെ വിശേഷ സ്വഭാവത്തിൽ ഞാൻ പരിപാലിക്കപ്പെടുകയും മറയ്ക്കുള്ളിൽ വളർച്ച പ്രാപിക്കുകയും ചെയ്തു.

ബറാഹീനെ അഹ്മദിയ്യാ നാലാംഭാഗം 496 ആറാംപേജിൽ രേഖപ്പെട്ടതുപോലെ രണ്ട് വർഷങ്ങൾ കഴിഞ്ഞപ്പോൾ മർയമിനെപോലെ ഈസായുടെ ആത്മാവ് എന്നിലൂതപ്പെടുകയും ആലങ്കാരികമായി എന്നെ ഗർഭം ധരിച്ചവനായി നിശ്ചയിക്കുകയും അവസാനം പത്തുമാസത്തിലധികമല്ലാത്ത ഒരു കാലയളവിനുശേഷം ബറാഹീനെ അഹ്മദിയ്യാ നാലാം ഭാഗം 556–ാം പേജിൽ രേഖപ്പെട്ടതുപോലെ ദിവ്യവെളിപാട് മുഖേന മർയമിൽ നിന്ന് എന്നെ ഈസയാക്കുകയും ചെയ്തു.[1]

അങ്ങനെ ഈ രീതിയിൽ ഞാൻ ഇബ്നു മർയമായി നിശ്ചയിക്കപ്പെട്ടു. അല്ലാഹു ബറാഹീനെ അഹ്മദിയ്യായുടെ രചനാ സമയത്ത് ഈ നിഗൂഢരഹസ്യത്തെക്കുറിച്ച് എന്നെ അറിയിച്ചിരുന്നില്ല. എന്നാൽ, ഈ രഹസ്യമടങ്ങിയ എല്ലാ ഇൽഹാമുകളും എനിക്ക് ഇറങ്ങിയിട്ടുണ്ടായിരുന്നു. അവയൊക്കെ ബറാഹീനെ അഹ്മദിയ്യായിൽ രേഖപ്പെടുകയും ചെയ്തു. എന്നാൽ, എനിക്ക് അവയുടെ അർഥങ്ങളേയും ക്രമങ്ങളേയും കുറിച്ചുള്ള അറിയിപ്പ് അപ്പോൾ നല്കപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് എന്റെ നിഷ്കപടതയിലും അകൃത്രിമത്വത്തിലും അവർ സാക്ഷിയാകുന്നതിനുവേണ്ടി മുസ്‌ലിംകളിൽ നടപ്പിലുള്ള വിശ്വാസം ബറാഹീനെ അഹ്മദിയ്യായിൽ എഴുതിയത്. അപ്രകാരം ഞാൻ എഴുതിയിരുന്നത് ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. അത് നടപ്പിലുണ്ടായിരുന്ന വിശ്വാസമായിരുന്നു.

എതിരാളികളെ സംബന്ധിച്ചിടത്തോളം അത് ഒരു പ്രമാണമാകുന്നില്ല. കാരണം അല്ലാഹു എന്നെ അറിയിക്കാതിരുന്നതുവരെ എനിക്ക് പരോക്ഷമായ കാര്യത്തെക്കുറിച്ചുള്ള ഒരറിവും ഉണ്ടായിരുന്നില്ല. ഇൽഹാമിയായ ചില രഹസ്യങ്ങൾ ഞാൻ അറിയാതിരിക്കുകയെന്നത് ആ കാലത്ത് ദൈവയുക്തിക്ക് അനുസൃതമായതായിരുന്നു. എന്നാൽ, സമയം വന്നപ്പോൾ ആ രഹസ്യങ്ങൾ എനിക്കറിയിച്ചുതന്നു. അപ്പോൾ ബറാഹീനെ അഹ്മദിയ്യായിൽ വ്യക്തമായി എഴുതപ്പെട്ട വാഗ്ദത്ത മസീഹാണെന്ന എന്റെ വാദത്തിൽ പുതുതായി ഒരു കാര്യവും ഇല്ലെന്ന് എനിക്ക് മനസ്സിലായി.

ഇവിടെ എനിക്കുണ്ടായ മറ്റൊരു ദിവ്യവെളിപാടുകൂടി അനുസ്മരിക്കുകയാണ്. ഞാൻ എന്റെ ഏതെങ്കിലും ഗ്രന്ഥത്തിലോ വിജ്ഞാപനത്തിലോ ആ ഇൽഹാം പ്രസിദ്ധീകരിച്ചിരുന്നുവോ, എന്നെനിക്കോർമയില്ല. പക്ഷേ, നൂറുക്കണക്കിലുള്ളവർക്ക് അത് ഞാൻ കേൾപ്പിച്ചിരുന്നുവെന്നെനിക്കോർമയുണ്ട്. എന്റെ സ്മൃതിപഥത്തിലുള്ള ഇൽഹാമുകളിൽ അതുണ്ട്. അല്ലാഹു ആദ്യമായിട്ടെന്നെ മർയം എന്ന് സംബോധന ചെയ്യുകയും പിന്നീട് റൂഹ് ഊതപ്പെടുകയും ചെയ്ത കാലത്തുള്ള ദിവ്യവെളിപാടായിരുന്നു അത്. അതിനുശേഷം അവന്റെ ഈ വെളിപാടുണ്ടായി.

*ഫ അജാഅഹൽ മിഖാദു ഇലാ ജസ്ഇന്നഖ്‌ലത്തി ഖാലത്ത് യാലയ്ത്തനീ മിത്തു ഖബ്‌ല ഹാദാ വകുൻതു നസീയൻമ്മൻസിയാ* പിന്നീട് മർയമിനെ (ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഈ വിനീതനാണ്) പ്രസവവേദന ഈത്തപ്പഴ വൃക്ഷത്തിലേക്കെത്തിച്ചു. അതായത് പൊതുജനങ്ങളേയും അജ്ഞരും വിദ്യാവിഹീനരുമായ പണ്ഡിതന്മാരേയും നേരിടേണ്ടിവന്നു. അവരുടെ പക്കൽ ഈമാനിന്റെ മധുരഫലം ഉണ്ടായിരുന്നില്ല. അവർ നിഷേധിക്കുകയും നിന്ദിക്കുകയും ചീത്തപറയുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അവർ (എതിർപ്പിന്റെ) ഒരു കൊടുങ്കാറ്റുതന്നെ വിതച്ചു. അപ്പോൾ മർയം പറഞ്ഞു: ഞാൻ ഇതിനു മുമ്പേ മരണപ്പെടുകയും നാമാവശേഷമായിത്തീരുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനെ! ഇത് ആരംഭത്തിൽ മൗലവിമാരുടെ ഭാഗത്തുനിന്നുണ്ടായിരുന്ന ഏകോപിച്ച ഒച്ചപ്പാടുകളിലേക്ക് വിരൽചൂണ്ടുന്നു. അവർക്ക് ഈ വാദം സഹിക്കുവാൻ സാധിച്ചില്ല. ഓരോ കാരണം പറഞ്ഞ് അവരെന്നെ നശിപ്പിക്കുവാനാഗ്രഹിച്ചു. തദവസരത്തിൽ അജ്ഞരായ ജനങ്ങളുടെ ഒച്ചപാടുകൾ കണ്ട് എന്റെ ഹൃദയത്തിലുണ്ടായിരുന്ന ദുഃഖവും വ്യസനവും അല്ലാഹു ഇവിടെ ചിത്രീകരിച്ചുകാണിച്ചിരിക്കുകയാണ്.

ഇതുസംബന്ധച്ചു വേറെയും ദിവ്യവെളിപാടുകൾ ഉണ്ടായിരുന്നു: *ലഖദ് ജിഅ്ത്തി ശയ്അൻ ഫരിയ്യാ മാകാന അബൂക്കിംറഅ സൗഇൻവ്വമാകാനത്ത് ഉമ്മുക്കി ബഗിയ്യാ* പിന്നീട് അതോടൊപ്പമുണ്ടായിരുന്ന ഒരു ഇൽഹാം ബറാഹീനെ അഹ്മദിയ്യ 521–ാം ഭാഗത്ത് രേഖപ്പെട്ടിരിക്കുന്നു:

( ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-12

### നിഷിദ്ധമായ സമയങ്ങൾ:

താഴെപറയുന്ന നേരങ്ങളിൽ നമസ്കരിക്കുന്നത് നിഷിദ്ധവും അനിഷ്ടകരവുമാണ്.

1. സൂര്യനുദിച്ചുയരുമ്പോൾ, ആ നേരം മുതൽ ഒരു കുന്തത്തിന്റെ അത്ര ഉയരുന്നതുവരെ ഒരു നമസ്കാരവും അനുഷ്ഠിക്കാൻ പാടില്ല; ഫർളും, നഫ്ലും. എന്നാൽ, താമസിച്ചുണരുകയോ, യഥാർഥമായ മറ്റെന്തെങ്കിലും തടസമുണ്ടാകുകയോ തയ്യാറെടുപ്പുകൾ തുടങ്ങിയവ നടത്തി സുബ്ഹി നമസ്കാരം ആരംഭിക്കുകയും എന്നാൽ, ഒരു റക്അത്ത് നമസ്കരിച്ചപ്പോൾ സൂര്യൻ ഉദിച്ചുയരാൻ തുടരുകയും ചെയ്താൽ രണ്ടാമത്തെ റക്അത്ത് സൂര്യനുദിക്കുന്ന ഇടയിൽതന്നെ നമസ്കരിക്കാവുന്നതാണ്.

2. സൂര്യൻ തലയ്ക്കുമീതെ വരുന്ന, നട്ടുച്ചനേരത്ത് ഫർളുകളോ നഫ്ലുകളോ ആയ ഒന്നും നമസ്കരിക്കാൻ പാടില്ല. എന്നാലും ജുമുഅ ദിവസം ആ നേരത്ത് മസ്ജിദിൽ രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കാൻ അനുവാദമുണ്ട്.

3. സൂര്യൻ അസ്തമിക്കുന്ന നേരത്തും ഫർള് -നഫ്ൽ ഒരു നമസ്കാരവും അനുവദനീയമല്ല. ഇനി ഏതെങ്കിലും അത്യാവശ്യമായ കാരണത്താൽ അസ്ർ നമസ്കാരം സമയത്ത് നമസ്കരിക്കാൻ കഴിയാതെ വരികയോ അല്ലെങ്കിൽ ഒരു റക്അത്ത് നമസ്കരിച്ചപ്പോൾ സൂര്യൻ അസ്തമിക്കാൻ തുടങ്ങുകയോ ചെയ്താൽ മറ്റു മൂന്ന് റക്അത്ത് സൂര്യൻ അസ്തമിച്ചുകൊണ്ടിരിക്കുമ്പോൾ, എന്നല്ല അതിനു ശേഷവും നമസ്കരിക്കാവുന്നതാണ്.

കാരണമൊന്നുമില്ലാതെ നമസ്കരിക്കാൻ അനുവാദമില്ലാത്ത നേരങ്ങളാണിത്. എന്നാൽ, താഴെ കാണുന്ന നേരങ്ങളിൽ നഫ്ൽ നമസ്കാരവും നിഷിദ്ധമാണ്. ഫജ്ർ ഉദിച്ചതിനുശേഷം സൂര്യനുദിക്കുന്നതുവരെ രണ്ട് റക്അത്ത് സുന്നത്തു കൂടാതെ മറ്റൊരു നഫ്ൽ നമസ്കാരവും അനുവദനീയമല്ല. അസ്ർ നമസ്കരിച്ചതിനുശേഷം ഈദുഗാഹിൽ നഫ്ൽ അനുവദനീയമല്ല; പെരുന്നാൾ നമസ്കാരത്തിനു മുമ്പേയും അതിനുശേഷവും. ജമാഅത്തായ നമസ്കാരം നടന്നുകൊണ്ടിരിക്കുന്ന നേരത്ത് മസ്ജിദിൽ സ്വന്തമായ നിലയിൽ സുന്നത്തോ നഫ്ലോ അനുവദനീയമല്ല. എന്നാൽ, കഅ്ബ ദേവാലയത്തിൽ അതായത് മസ്ജിദുൽ ഹറാമിൽ ഏതുസമയത്തും സുന്നത്തോ നഫ്ലോ നമസ്കരിക്കാവുന്നതാണ്. കാരണം അവിടെ എല്ലാ സമയത്തും കഅ്ബ പ്രദക്ഷിണം ചെയ്യാവുന്നതാണ്. ഓരോ ത്വവാഫിനുശേഷവും രണ്ട് റക്അത്ത് നമസ്കരിക്കുക നിർബന്ധമാണ്. അതിനു ത്വവാഫിന്റെ നമസ്കാരം എന്നു പറയുന്നു. സൂര്യഗ്രഹണമുണ്ടാകുമ്പോൾ ഗ്രഹണ നമസ്കാരം ഏതു സമയത്തും നമസ്കരിക്കാവുന്നതാണ്. സൂര്യനുദിക്കുമ്പോഴോ അസ്തമിക്കുമ്പോഴോ നട്ടുച്ചനേരത്തോ അസ്ർ നമസ്കാരത്തിനുശേഷമോ ഏതു സമയത്ത് ഗ്രഹണം തുടങ്ങിയാലും നമസ്കാരം ആരംഭിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ആ നമസ്കാരത്തിനു കാരണം സൂര്യഗ്രഹണമാണ്. ഏതു സമയത്തുണ്ടായാലും നമസ്കരിക്കുന്നത് സുന്നത്തായിരിക്കും.

പകലിന്റെ കുറച്ചുഭാഗങ്ങളിൽ നമസ്കരിക്കുന്നത് തടഞ്ഞതിലുള്ള യുക്തി എന്താണെന്നാൽ, യഥാർഥ ഉദ്ദേശ്യം അല്ലാഹുവിനെ അനുസരിക്കലും പിൻപറ്റലുമാണ്. അല്ലാഹു നമസ്കരിക്കാൻ പറയുമ്പോൾ നമസ്കരിക്കുക. നമസ്കരിക്കരുത് എന്ന് പറയുന്ന അവസ്ഥകളിൽ നമസ്കരിക്കുക എന്നത് ഒരു നന്മയും ആയിരിക്കുകയില്ല. ഏതൊന്നിനെ അല്ലാഹു ഇഷ്ടപ്പെടുന്നുവോ അതാണ് നന്മയും ആരാധനയും.

ഈ നേരങ്ങളിൽ നമസ്കാരം വിരോധിച്ചതിന് മറ്റൊരു യുക്തിയുമുണ്ട്. ഇവയിൽ ചില നേരത്ത് പ്രത്യേകിച്ചും സൂര്യനുദിക്കുന്നനേരത്തും അസ്തമിക്കുന്ന നേരത്തും ബഹുദൈവാരാധകരും ബിംബാരാധകരും തങ്ങളുടെ വ്യർഥമായ ദൈവങ്ങളെ ആരാധിക്കുന്നു. അതായത് ഈ നേരം ശിർക്കിന്റേയും കുഫ്റിന്റേയും അടയാളമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഏക ദൈവവിശ്വാസികളെ കുഫ്റിന്റേയും ശിർക്കിന്റേയും ഈ ചിന്തകളിൽനിന്ന് മാറിനില്ക്കാൻ നിർദേശിച്ചിരിക്കുന്നു. ഇസ്ലാമിന്റെ പ്രത്യേകമാക്കപ്പെട്ടിരിക്കുന്ന ആരാധനയുടെ ശരിയായ നേരങ്ങൾ ആത്മീയമായ നേട്ടങ്ങൾ ഉൾക്കൊള്ളുന്നതാണ്. നിശ്ചയിക്കപ്പെട്ട ഈ നിരോധത്തിലൂടെ, മനുഷ്യന്റെ ബുദ്ധി ഫ്രീയായിരിക്കുന്ന ഏതെങ്കിലും നേരവും ഉണ്ടായിരിക്കേണ്ടതാണെന്ന യുക്തിയിലേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്; ഇല്ലെങ്കിൽ നിരന്തരമുള്ള തിരക്ക് കാരണത്താൽ അവൻ പാഴ്‌വസ്തുവായിപോകും. നബി(സ) തിരുമേനി ഒരിക്കൽ പറഞ്ഞു: മനുഷ്യൻ നമസ്കരിച്ച് നമസ്കരിച്ച് ക്ഷീണിച്ചുപോകുമ്പോൾ വിശ്രമിക്കേണ്ടതാണ്. ഈ ഉദ്ദേശ്യം കണക്കിലെടുത്താണ് അടയാളമെന്ന നിലയിൽ ഈ നേരങ്ങൾ നിർബന്ധമായും ഒഴിവാക്കപ്പെട്ടിരിക്കുന്നത്; ഏതെങ്കിലും സംശയാലു 24 മണിക്കൂറും നമസ്കാരത്തിൽ മുഴുകാതിരിക്കാൻ; അവന് ഫ്രീ ആകുന്നതിനും നമസ്കാരം ഉപേക്ഷിക്കാൻ നിർബന്ധിതനാകുന്നതിനും കുറച്ച് സമയം ലഭിക്കുന്നതിനുവേണ്ടി.

### അഞ്ചു നമസ്കാരം നിർബന്ധമാണ്.

ചോദ്യം: അഹ്ലെ ഖുർആൻ, ഖുർആനിൽനിന്ന് മൂന്നുനേര നമസ്കാരം സ്ഥാപിക്കുന്നു ഇപ്രകാരംതന്നെ മുസ്ലിംകൾ ഇന്ന് അനുഷ്ഠിച്ചുവരുന്ന നമസ്കാരത്തിൽ വിശുദ്ധഖുർആനിലില്ലാത്ത വാക്കുളുണ്ടെന്നും പറയുന്നു; വിശുദ്ധഖുർആനിൽ ഒരു സുജൂദാണുള്ളത്, എന്നാൽ, നമസ്കാരത്തിൽ രണ്ട് സുജൂദ് ചെയ്യുന്നു. അത് ഖുർആനിന്റെ കല്പനകൾക്ക് വിരുദ്ധമാണ്?

മറുപടി: വിശുദ്ധഖുർആനിൽനിന്ന് വെറും മൂന്നുനേര നമസ്കാരമാണ് സ്ഥാപിതമാകുന്നതെന്ന അഹ്ലെ ഖുർആൻകാരുടെ വാദം തെറ്റാണ്. വിശുദ്ധ ഖുർആനിൽ അഹ്ലെ ഖുർആൻകാർ വിശ്വസിക്കുന്നതുപോലെ മൂന്നുനേര നമസ്കാരത്തെ കുറിച്ച് പറഞ്ഞിട്ടുള്ളതുപോലെ ബാക്കി രണ്ടു നമസ്കാരത്തെ കുറിച്ചും പറയുന്നുണ്ട്. അവയുടെ വിവരണ രീതിയെല്ലാം ഒരുപോലെയാണ്.

നബി(സ) തിരുമേനിയുടെ കാലഘട്ടം മുതൽ മുസ്ലിം ഉമ്മത്ത് നിരന്തരമായി നിത്യവും അഞ്ചുനേര നമസ്കാരം അനുഷ്ഠിച്ചുവരുന്നു. വിശുദ്ധഖുർആനിൽ അഞ്ച് ഫർള് നമസ്കാരത്തെക്കുറിച്ച് പറയുന്നുണ്ട്. ഹദീഥിൽ അതിന്റെ വിശദീകരണവുമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഒരു ദീർഘകാലത്തെ ചരിത്രപരമായ നൈരന്തര്യവും മുസ്ലിം ഉമ്മത്തിന്റെ തുടർച്ചയായ കർമപരമായുള്ള അഞ്ചുനേര നമസ്കാരത്തെ ഖണ്ഡിതമായ നിലയിൽ സ്ഥാപിക്കുന്നു. ചരിത്രത്തിൽനിന്ന് എവിടെയും ഉമ്മത്തിലെ ഭൂരിഭാഗവും എപ്പോഴെങ്കിലും മൂന്നുനേരം നമസ്കരിച്ചതിനും തെറ്റായനിലയിൽ അഞ്ചുനേരം നമസ്കരിച്ചതിനുമുള്ള ഒരു സംഭവംപോലും ലഭിക്കുന്നില്ല. ഇത്രമാത്രം കണിശമായും നിരന്തരമായുമുള്ള ആരാധനയെ സംബന്ധിച്ച് സംശയമുണ്ടാക്കുക എന്നത് അപഹാസ്യമായ ചിന്തയാണ്. എന്തുകൊണ്ടെന്നാൽ ഇതൊരു കർമപരമായ സംഭവമാണ്. ഏതെങ്കിലും വീക്ഷണപരമായ പ്രശ്നമല്ല. ബുദ്ധിപരമായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ ഏതെങ്കിലും തരത്തിലുള്ള വൈരുദ്ധ്യം കാണിക്കാൻ ഒരുതരത്തിലുള്ള ഇടവുമില്ല.

നിങ്ങൾ നമസ്കാരത്തിൽ ദുആകൾ ചെയ്യുക എന്ന് വിശുദ്ധഖുർആനിൽ വന്നിരിക്കുന്നു. മനുഷ്യൻ ദുആയിൽ അവന് ആവശ്യമുള്ളതാണ് ചോദിക്കുന്നത്. അവന്റെ എല്ലാ ആവശ്യവും ഖുർആനിക വാക്കുകളിലൂടെ പ്രകടമാകണമെന്നത് നിർബന്ധമല്ല. ഇപ്രകാരംതന്നെ നിങ്ങൾ നിങ്ങളുടെ റബ്ബിന് തസ്ബീഹ് ചെയ്യുക എന്ന് വിശുദ്ധഖുർആൻ പറഞ്ഞു. ആരാണോ ഈ കല്പന പാലിക്കുന്നത് അവൻ സംസാരത്തിലൂടെ അത് വിവരിക്കുമെന്നത് തീർച്ചയാണ്. അപ്പോൾ ഈ ചോദ്യവും വെറും പൊള്ളയാണ്; നമസ്കാരത്തിലെ എല്ലാ വാക്കുകളും ഖുർആനികമായിരിക്കണമെന്നും ഖുർആനിലില്ലാത്ത ഒരു വാക്കും ഉണ്ടാകാൻ പാടില്ല എന്നതും! ആദ്യം മുതൽ അവസാനംവരെ നമസ്കാരത്തിൽ ഖുർആനിലെ വചനങ്ങൾ മാത്രമേ ചൊല്ലാവൂ എന്ന് ഏതു ആയത്തിലാണ് എഴുതിയിട്ടുള്ളത്. വിശുദ്ധഖുർആനിലുള്ളത് നമസ്കാരത്തിൽ ഖുർആനും ഓതുക എന്നു മാത്രമാണ്. എല്ലാ മുസ്ലിംകളും ഈ കല്പന അംഗീകരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുന്നു. വിശുദ്ധഖുർആനിലെ ഏതെങ്കിലും ഭാഗം നമസ്കാരത്തിൽ ഓതുക എന്നത് നിർബന്ധ കടമയായി മനസ്സിലാക്കുന്നു.

നമസ്കാരത്തിൽ ഒരു സുജൂദു മാത്രം ചെയ്യാൻ വിശുദ്ധഖുർആനിൽ എവിടെയും പറയുന്നില്ല. മറിച്ച് നമസ്കാരത്തിൽ സുജൂദ് ചെയ്യുക എന്ന കല്പനയാണുള്ളത്. എത്ര സുജൂദ് ചെയ്യണമെന്ന് നമുക്ക് നബി(സ) തിരുമേനി തന്റെ കർമവും വാക്കും കൊണ്ടു പറഞ്ഞുതന്നു. വാസ്തവത്തിൽ ആരംഭത്തിൽ വിവരിക്കപ്പെട്ടതുപോലെ നമസ്കാരം എന്നു പറയുന്നത് മുസ്ലിംകൾ ദിവസവും അഞ്ചുനേരം അനുഷ്ഠിക്കുന്ന ആരാധനയാണ്. ഇസ്ലാമിന്റെ ആരംഭം മുതൽ ഇന്നുവരെ ഈ ആരാധനയ്ക്ക് അവിച്ഛേദമായ നൈരന്തര്യം ലഭിച്ചിട്ടുണ്ട്. നബി(സ) തിരുമേനിയെ ആദരണീയരായ സ്വഹാബാക്കൾ കണ്ടു. സ്വഹാബത്തിനെ താബിഈങ്ങൾ കണ്ടു. ഇപ്രകാരം ഈ പരമ്പര നടന്നുവന്നു. അപ്പോൾപിന്നെ നമസ്കാരത്തിന്റെ സുപ്രധാനമായ ഭാഗത്തെ ഉപേക്ഷിച്ചുകളയുന്നതെങ്ങനെ സംഭാവ്യമാകാനാണ്; ഈ മാറ്റം ആരും അറിയാതെ ഉണ്ടായതാണോ? ചരിത്രത്തിലും അതിനെ കുറിച്ച് ഒന്നും പറയുന്നില്ല. മുസ്ലിംകളുടെ 1400 വർഷത്തെ കർമങ്ങളും അതു പ്രകടിപ്പിക്കുന്നില്ല. ചുരുക്കത്തിൽ ഈ കാലഘട്ടത്തിലെ ഈ പുത്തൻ വാദികൾക്ക് രണ്ടിലൊന്ന് വഴി തീർച്ചയായും സ്വീകരിക്കേണ്ടിവരും. ഒന്നുകിൽ നബി(സ) തിരുമേനിയുടെ കർമം അവർക്ക് ഹുജ്ജത്തല്ലെന്ന് പറഞ്ഞ് നിഷേധിക്കുക; വിശുദ്ധഖുർആൻ ആ മഹാത്മാവിനെ കുറിച്ച് പറഞ്ഞ ലിതുബയ്യിന ലിന്നാസി മാ നസല ഇലയ്ഹിം എന്നതിനെ അവർ വിശ്വസിക്കുന്നില്ലെന്നും. ഇല്ലെങ്കിൽ യഥാർഥ നമസ്കാരം നബി(സ) തിരുമേനി അനുഷ്ഠിച്ചതാണെന്നും എന്നാൽ, ഈ പുതിയ നമസ്കാരം തങ്ങളുടെ പുതിയ കണ്ടുപിടിത്തമാണെന്നും അംഗീകരിക്കുക.

ചോദ്യം: നട്ടുച്ചനേരത്ത് നമസ്കരിക്കുന്നത് ശരിയാണോ? ശരിയല്ലെങ്കിൽ ജുമുഅ ദിവസം ഖുത്ബയ്ക്കു മുമ്പേ ആളുകൾ ധാരാളം സുന്നത്ത് നമസ്കരിക്കുന്നതെന്തിനാണ്? ഇതിനെ സംബന്ധിച്ചുള്ള വിധി എന്താണ്?

മറുപടി: നട്ടുച്ചനേരത്ത് നമസ്കരിക്കുന്നത് ശരിയല്ല. ഖുത്ബയ്ക്ക് മുമ്പേ സുന്നത്ത് നമസ്കരിക്കുന്നത് അനുവദനീയമാണ്. കാരണം ഖുത്ബ നട്ടുച്ചനേരത്തുതന്നെ ആരംഭിച്ചുകൊള്ളണമെന്നില്ല. സുന്നത്തുകൾ കൃത്യനേരത്ത് നമസ്കരിക്കുന്നതിന് സൂര്യൻ മധ്യത്തിൽനിന്ന് തെന്നിമാറിയതിനു ഉചിതമായ വേളയ്ക്കുശേഷം ഖുത്ബ ആരംഭിക്കുന്നതാണ് നല്ലത്.

ചോദ്യം: ഇശ്റാഖ് നമസ്കാരം അനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾ സൂര്യൻ തലയ്ക്കുമീതെനിന്ന് തെന്നിമാറിയാൽ നമസ്കാരം പാഴാകുമോ?

മറുപടി: നഫ്ൽ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ, സൂര്യൻ തലയ്ക്കുമീതെനിന്ന് തെന്നിമാറുന്ന സമയം വന്നെത്തിയാൽ നമസ്കാരം പാഴാകുകയില്ല. അത് പൂർത്തിയാക്കേണ്ടതാണ്. കൂടാതെ സൂര്യൻ തലയ്ക്കുമീതെ വരുമ്പോൾ നമസ്കാരം നിരോധിച്ചിട്ടുള്ളതിൽ, സൂര്യാസ്തമയ നേരത്തോ സൂര്യോദയ നേരത്തോ ഉള്ളത്ര കടുപ്പമില്ല. എന്തുകൊണ്ടെന്നാൽ, ജുമുഅ ദിവസം, അതുപോലെതന്നെ മസ്ജിദുൽ ഹറാമിൽ ആ നേരത്ത് നഫ്ൽ നമസ്കരിക്കാൻ അനുവാദമുണ്ട്. ഇത് ഹദീഥിൽനിന്ന് സ്ഥാപിതമാണ്.

'സവാൽ' കൊണ്ടുദ്ദേശിക്കുന്നത് മധ്യാഹ്നത്തിനുള്ള ശേഷമുള്ള സമയമാണ്. വാസ്തവത്തിൽ 'സവാൽ' എന്ന പദത്തിന്റെ ഉപയോഗം തൊട്ടടുത്തുള്ള അവസ്ഥ പരിഗണിച്ചാണ്. ഇല്ലെങ്കിൽ ദുലൂക് ആരംഭിച്ചുകഴിഞ്ഞാൽ നമസ്കാരത്തിന്റെ സമയം ശരിയായും ആരംഭിക്കുന്നു. അപ്പോൾ നിഷിദ്ധമാക്കപ്പെട്ട സമയം അവസാനിച്ചുകഴിഞ്ഞിട്ടുണ്ടാകും.

(തുടരും)

# ഖുത്ബ ജുമുഅ

**അൽഹംദുലില്ലാഹ്. ഇന്നുമുതൽ ജർമനി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ജൽസ സാലാന ആരംഭിക്കുകയാണ്. നമുക്ക് അല്ലാഹു മറ്റൊരു ജൽസാ സാലാനയിലും പങ്കെടുക്കാൻ തൗഫീഖ് നല്കിയിരിക്കുന്നു.**

**ജൽസാസാലാനയുടെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇത് ഭൗതികമേളയൊന്നുമല്ല. ഇവിടെ സംഘടിക്കുന്നതും ഏതെങ്കിലും ഭൗതിക ഉദ്ദേശ്യത്തിനോ അംഗബലം കാണിക്കുന്നതിനോ ലോകത്തിനുമേൽ എന്തെങ്കിലും ഭൗതികമായ സ്വാധീനം ചെലുത്തുന്നതിനോ വേണ്ടിയല്ല. എന്നല്ല, നമ്മൾ വൈജ്ഞാനികവും ആത്മീയവുമായ ദാഹം ശമിപ്പിക്കുന്നവരും നമ്മുടെ ജ്ഞാനത്തിലും ആത്മീയതയിലും വർധനവുണ്ടാക്കുന്നവരും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളെ സംബന്ധിച്ച് അറിവ് കരസ്ഥമാക്കുന്നവരും അതിനോടുള്ള കടമകൾ നിറവേറ്റുന്നവരും ആകുന്നതിനുവേണ്ടി ഇവിടെ വരികയും അല്ലാഹുവിനുവേണ്ടി സംഘടിക്കുകയും ചെയ്യുന്നവരാകേണ്ടതാണ്.**

## ജൽസസാലാനയിലെ ആതിഥേയർക്കും പ്രവർത്തകർക്കും ഇപ്രകാരംതന്നെ ജൽസയിൽ പങ്കെടുക്കുന്ന അതിഥികൾക്കും ഖുർആനിന്റേയും ഹദീഥിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും വെളിച്ചത്തിൽ വളരെ പ്രധാനപ്പെട്ട ഉപദേശങ്ങൾ

**അന്യജമാഅത്തുകളിൽനിന്നു വരുന്ന അതിഥികളെ ഓരോ പ്രവർത്തകനും ജൽസയിൽ പങ്കെടുക്കുന്ന ഓരോ അഹ്മദിയും ഇസ്ലാമിന്റെ പ്രത്യേകമായ അധ്യാപനത്തിന്റെ കർമപരമായ മാതൃക കാണിച്ച് തബ്ലീഗിനുള്ള മാർഗമായിത്തീരുക. മനോഹരമായ അധ്യാപനം കാണിക്കുന്നതിനുള്ള മാർഗമായി മാറുക. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിലും ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഡ്യൂട്ടികൾ നല്കുന്ന ഓരോരുത്തരും ഒരു നിശ്ശബ്ദമായ തബ്ലീഗാണ് ചെയ്തുകൊണ്ടിരിക്കുന്നത്.**

**വെറും ജൽസയിൽ പങ്കെടുത്ത് നിങ്ങൾ അതിഥികളാകുകയില്ല. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാതെയും അവിടന്ന് പറഞ്ഞതനുസരിച്ച് കർമം ചെയ്യാതെയും അവിടത്തെ ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കാതെയും തങ്ങൾ ജൽസയിൽ വന്നതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്നും ആയിരം തവണ പറഞ്ഞാലും അവിടത്തെ അതിഥിയല്ലതന്നെ. കാരണം നിങ്ങളുടെ കർമങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളുടെ പ്രവർത്തനങ്ങൾ അതല്ലെന്നാണ്.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ഖുത്ബ ജുമുഅ 2018 സെപ്റ്റംബർ 7/1397 തബൂക് 7
DM Arena കാൾസ്രോയി ജർമനി

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അൽഹംദുലില്ലാഹ്. ഇന്നുമുതൽ ജർമനി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ജൽസ സാലാന ആരംഭിക്കുകയാണ്. നമുക്ക് അല്ലാഹു മറ്റൊരു ജൽസാ സാലാനയിലും പങ്കെടുക്കാൻ തൗഫീഖ് നല്കിയിരിക്കുന്നു. എന്താണ് ജൽസാ സാലാനാ? ഇത് നമ്മൾ വർഷങ്ങളായി കേട്ടുവരുന്നതാണ്. എന്നല്ല, ജൽസാ സാലാന സംഘടിപ്പിക്കാൻ തുടങ്ങിയ കാലംമുതൽ 125 വർഷത്തേക്കാളധികം കാലമായി നമ്മൾ ഇത് കേട്ടുവരുന്നു. ജൽസാസാലാനയുടെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'ഇത് ഭൗതികമേളയൊന്നുമല്ല. ഇവിടെ ഒരുമിച്ചു കൂടിയിരിക്കുന്നത് വല്ല ഭൗതിക ഉദ്ദേശ്യത്തിനോ അംഗബലം കാണിക്കാനോ ലോകത്തിനു മേൽ വല്ല ഭൗതികപ്രഭാവം ചെലുത്താനോ വേണ്ടിയല്ല. ' (ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസായിൻ, വാല്യം 6, പേജ് 395). ഇവിടെ സമ്മേളനത്തിനു വരുന്നവർ അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കണം വരുന്നത്. തങ്ങളുടെ വൈജ്ഞാനികവും ആത്മീയവുമായ ദാഹത്തെ ശമിപ്പിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ അടിയാറുകളോടുള്ള അവകാശങ്ങൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

പക്ഷേ, എനിക്കിത് പറയുമ്പോൾ വേദനയുണ്ട്. ഇവിടെ ചിലയാളുകൾ ജൽസയിൽ പങ്കെടുക്കാൻ വരുന്നുണ്ട്. പക്ഷേ, അവർ അല്പം ചില സുഹൃത്തുക്കളെ കാണുകയും തൊഴിൽപരമായ കുറച്ച് കാര്യങ്ങൾ സംസാരിക്കുകയും ചെയ്തുവെന്നല്ലാതെ ഒന്നും കരസ്ഥമാക്കുന്നില്ല. അത്തരം ആളുകൾ പിന്നീട് പ്രശ്നങ്ങളുമുണ്ടാക്കുന്നു. ചില ചെറുപ്പക്കാർക്കും കുട്ടികൾക്കും അതുമുഖേന വഞ്ചന പറ്റാനും കാരണമാകുന്നു. ചിലർ വൃത്തികെട്ട രീതിയിലുള്ള ചില കാര്യങ്ങൾ ചെയ്യുന്നു. തങ്ങളെ ആരും കാണുന്നില്ല എന്നാണവർ മനസ്സിലാക്കുന്നത്. പക്ഷേ അല്ലാഹു എപ്പോഴും എല്ലാ സമയവും നമ്മെ കണ്ടുകൊണ്ടിരിക്കുന്നുവെന്ന് നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്.

ഏറ്റവും ആദ്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നതും ഓരോരുത്തരും തങ്ങളുടെ മനസ്സിൽ ആഴത്തിൽ വെക്കേണ്ടതുമായ കാര്യം ഈ ജൽസ ആത്മീയജൽസയാണെന്നതാണ്. ഇത് സംഘടിപ്പിക്കുന്നത് നമ്മൾ തഖ്വയിൽ ഉയരുന്നതിനും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനും അതിൽ അഭിവൃദ്ധിപ്പെടുന്നതിനുമാണ്. അന്യരായ ചില അതിഥികളുടെ മുമ്പിൽ നമ്മുടെ തെറ്റുകൾ മറഞ്ഞുപോകുന്നുണ്ടാകും. അവരുടെ മുമ്പിൽ നമ്മൾ കുറച്ച് സൂക്ഷ്മതയും പാലിക്കുന്നുണ്ടാകും. കുറച്ച് അല്ലാഹുവും മറച്ചുവെക്കുന്നുമുണ്ടാകും. ചില തെറ്റായ ധാരണകളും പ്രവർത്തനങ്ങളും കാരണത്താൽ ജമാഅത്തിന് ചീത്തപ്പേര് ഉണ്ടാകാതിരിക്കാനും ഇടയുണ്ട്. ഞാൻ പറഞ്ഞതുപോലെ 'ജൽസ സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം എന്ത്' എന്ന വിഷയത്തിലേക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യമായി പറഞ്ഞിരിക്കുന്നത് തഖ്വ അഥവാ ദൈവഭക്തി ഉണ്ടാക്കുക എന്നാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യലക്ഷ്യം വിവരിച്ചുകൊണ്ട് പങ്കെടുക്കുന്നവരോടു പറഞ്ഞു: ജൽസയിൽ പങ്കെടുക്കുന്നവരുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകണം. സ്വാത്മപരിത്യാഗവും തഖ്വയും ദൈവഭയവും മൃദുസ്വഭാവവും പരസ്പരസ്നേഹവും അതുപോലെ സാഹോദര്യത്തിൽ മറ്റുള്ളവർക്ക് ഒരു മാതൃകയുമാകേണ്ടതാണ്; വിനയവും എളിമയും അവരിലുണ്ടാകണം.' (ശഹാദത്തുൽ ഖുർആൻ, റൂഹാനീഖസായിൻ, വാല്യം 6,പേജ് 394)

വീണ്ടും അവിടന്ന് ജമാഅത്തിനെ ഉദ്ദേശിച്ചുകൊണ്ടു പറഞ്ഞു: തഖ്വ സ്വായത്തമാക്കുക. തഖ്വ അഥവാ ഈശ്വരഭക്തി എല്ലാ കാര്യത്തിന്റേയും വേരാകുന്നു. തഖ്വയുടെ അർഥം എല്ലാ ഓരോ അതിസൂക്ഷ്മമായ പാപങ്ങളിൽനിന്നും രക്ഷപ്പെടുക എന്നാണ്. പറഞ്ഞു: തഖ്വ എന്നു പറയുന്നത് ഏതൊരു കാര്യത്തിലാണോ തിന്മയാണോ എന്ന് സംശയമുണ്ടാകുന്നത് അതിൽനിന്നും അകന്നുനില്ക്കുക.' (മൽഫൂദാത്ത്, വാല്യം 2, പേജ് 321, 1985 പതിപ്പ്, ലണ്ടൻ എഡിഷൻ). അതിൽനിന്ന് രക്ഷപ്പെടുക.

ഇനി എല്ലാ ഓരോരുത്തരും ആത്മപരിശോധന നടത്തുക. എന്നാൽ, അതുതന്നെയായിരിക്കും നിങ്ങളുടെ സ്വന്തം കണക്കെടുപ്പ്. ഈ നിർവചനമനുസരിച്ചാണോ നമ്മൾ അതിസൂക്ഷ്മമായ പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ പരിശ്രമിക്കുന്നത്? പാപമുണ്ടാകുമെന്ന് ഏതൊരു കാര്യത്തിലാണോ സംശയമുള്ളത് അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നുണ്ടോ? ഇങ്ങനെ എല്ലാവരും കണക്കെടുക്കുകയും ഇക്കാര്യമനുസരിച്ച് പ്രവൃത്തിക്കുകയുമാണെങ്കിൽ യഥാർഥത്തിൽ നമ്മൾ കർമം ചെയ്യുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാണോ എന്ന് അപ്പോൾ നമ്മൾക്ക് മനസ്സിലാകും. നമ്മൾ ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കിയോ എന്നും അല്ലെങ്കിൽ പൂർത്തിയാക്കാൻ ശ്രമിക്കു

ന്നുണ്ടോ എന്നും മനസ്സിലാകും. ഇല്ലെങ്കിൽ പ്രസംഗങ്ങൾ കേൾക്കുകയും താൽക്കാലികമായ ആവേശം കാണിക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്യുന്നതിന് ഒരർഥവുമില്ല. ചിലർ മുദ്രാവാക്യം വിളിക്കുന്നുണ്ടാകും. എന്നാൽ, അവരുടെ മുഖത്തെ ലക്ഷണങ്ങളിൽനിന്നും ചിരിയിൽനിന്നും ആത്മാർഥമായ സന്തോഷമല്ല അതെന്ന് മനസ്സിലാക്കാൻ കഴിയും. മറിച്ച്, മുദ്രാവാക്യത്തിനുവേണ്ടി മുദ്രാവാക്യം വിളിക്കുന്നുവെന്നു മാത്രം! മുമ്പേയൊക്കെ ഈ ലക്ഷണങ്ങളും ഈ ചലനങ്ങളും മാഞ്ഞുപോകാറുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ ക്യാമറകണ്ണുകൾ അത് ഒപ്പിയെടുക്കുന്നു. അത് മറ്റുള്ളവരെ അറിയിക്കാതെ വിട്ടുകളയുന്നില്ല. അത് അവരുടെ തനിഅവസ്ഥകളെ കുറിച്ച് പറഞ്ഞുതരുന്നു. പിന്നീട് അത് എന്നെന്നേക്കുമായി സുരക്ഷിതമാക്കപ്പെടുകയും ചെയ്യുന്നു. ആദ്യം ഈ പരിപാടി എം.ടി.എയിൽ മാത്രമായിരുന്നു. ഇപ്പോൾ സോഷ്യൽ മീഡിയായിലും അതുണ്ട്. അവിടെയും ആ ചിത്രങ്ങൾ കാണാൻ കഴിയുന്നു; ഓരോരുത്തരുടേയും മുഖത്ത് എന്ത് പ്രതിഫലനമാണുള്ളതെന്ന് കാണാൻ കഴിയുന്നു.

പിന്നീട് മനുഷ്യന്റെ ആത്മീയമായ അവസ്ഥയേയും തഖ്‌വയേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു നിലവാരം പറഞ്ഞു. അവിടന്ന് പറഞ്ഞു:'തഖ്‌വയുടെ സ്വാധീനം ഈ ലോകത്ത് മുത്തഖിയുടെമേൽ ആരംഭിക്കുന്നു. ഇത് കേവലം കടമല്ല; രൊക്കമാണ്.' പറഞ്ഞു: 'എന്നല്ല വിഷത്തിന്റെ സ്വാധീനവും ചികിത്സയുടെ സ്വാധീനവും വേഗം ശരീരത്തിലുണ്ടാകുന്നതുപോലെ.' വിഷം മനുഷ്യൻ കുടിച്ചാൽ അല്ലെങ്കിൽ എന്തെങ്കിലും മരുന്ന് തിന്നാൽ അതിന്റെ സ്വാധീനം മനുഷ്യനിൽ പ്രകടമാകാൻ തുടങ്ങുന്നു. എന്നല്ല പെട്ടെന്ന് ചിലപ്പോൾ അത് സ്വാധീനിക്കും.' പറഞ്ഞു: 'ഇതേപോലെ തഖ്‌വയുടെ സ്വാധീനവുമുണ്ടാകുന്നു.' (മൽഫൂദാത്ത്, വാല്യം 2, പേജ് 324, 1985 പതിപ്പ്, ലണ്ടൻ എഡിഷൻ). ഈ നിലവാരമാണ് അവിടന്ന് വിവരിച്ചിട്ടുള്ളത്. മനുഷ്യൻ തഖ്‌വയിലൂടെ നടക്കുകയും അതിന്റെ ലക്ഷണം പ്രകടമാകാതിരിക്കുകയും ചെയ്യുന്നത് സംഭാവ്യമല്ല. തഖ്‌വയിലൂടെ നടക്കുന്നവൻ തിന്മയുടെ അടുത്തുപോലും ഒരിക്കലും പോകുകയില്ല. അവന്റെ ചിന്താഗതികളും പരിശുദ്ധമായിത്തീരാൻ തുടങ്ങുന്നു. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു: ഞാൻ എല്ലാ കാര്യങ്ങളും ആവർത്തിച്ചാവർത്തിച്ച് പറയുന്നത് അല്ലാഹു ഈ ജമാഅത്തിനെ ഉണ്ടാക്കാനാഗ്രഹിക്കുന്നതും അതിനുവേണ്ടി വെച്ചിട്ടുള്ള ഉദ്ദേശ്യവും ലോകത്തുനിന്ന് കളഞ്ഞുപോയിട്ടുള്ള യഥാർഥ ഈശ്വരജ്ഞാനം കൊണ്ടുവരിക എന്നതാണ്. ഇന്ന് ലോകത്ത് അല്ലാഹുവിനെ കുറിച്ചുള്ള തിരിച്ചറിവ് ഇല്ലേയില്ല. ദുൻയാവിൽനിന്ന് അത് കളഞ്ഞുപോയിരിക്കുന്നു. ഭൗതികവസ്തുക്കൾ അതിജയിച്ചിരിക്കുകയാണ്. അല്ലാഹുവിലേക്കുള്ള ചായ്‌വ് കുറഞ്ഞുപോയിരിക്കുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നതാണ് പ്രതിജ്ഞ അല്ലെങ്കിൽ വാദം. പക്ഷേ, ലോകത്തെ മുന്തിക്കുന്നതായിട്ടും ദീൻ പിന്തള്ളപ്പെടുന്നതായിട്ടുമുള്ള അവസരങ്ങളാണ് ധാരാളമായി കണ്ടുവരുന്നത്.' പറഞ്ഞു: 'യഥാർഥമായ തഖ്‌വയും പരിശുദ്ധിയും ഇക്കാലഘട്ടത്തിൽ കാണാനേ കിട്ടുന്നില്ല. അത് വീണ്ടും സ്ഥാപിക്കുക.' (മൽഫൂദാത്ത്, വാല്യം 7, പേജ് 277-278, 1985, ലണ്ടൻ പതിപ്പ്)

ജമാഅത്തിന്റെ ഉദ്ദേശ്യം എന്താണ്? ദുൻയാവിൽ കാണാൻ കിട്ടാത്ത തഖ്‌വയും പരിശുദ്ധിയും സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കുക. അതായിരിക്കും വിജയിക്കുന്നത്. അവൻതന്നെയായിരിക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടിയിൽ യഥാർഥ അഹ്മദിയും ഈ ജൽസയുടെ ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നവനും.

ഞാൻ പറയാനാഗ്രഹിക്കുന്ന ഇന്നത്തെ രണ്ടാമത്തെ കാര്യം-അതനുസരിച്ചിട്ടുള്ള പ്രവർത്തനവും ഉണ്ടാകുന്നത് മനസ്സുകളിൽ ദൈവഭയവും തഖ്‌വയും ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യവും പൂർത്തിയാകണമെന്നുള്ള ആഗ്രഹവും ഉണ്ടാകുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് പറഞ്ഞു: 'ജൽസയിൽ പങ്കെടുക്കുന്നവരിൽ ഉണ്ടാകേണ്ട പ്രത്യേകതകളെന്താണ്?

അതായത് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കിയതിനുശേഷം അവനിൽ മൃദുസ്വഭാവമുണ്ടാകണം. പരസ്പരം മൃദുലമാനസരായിരിക്കണം. സ്നേഹമുണ്ടായിരിക്കണം. സാഹോദര്യബന്ധമുണ്ടായിരിക്കണം. വിനയമുണ്ടാകണം. വണക്കമുണ്ടാകണം. സത്യസന്ധതയുടെ ഉന്നതമായ നിലവാരത്തിൽ നിലകൊള്ളണം.

ജൽസയിൽ പങ്കെടുക്കുന്നവരുടെ രണ്ടുവിഭാഗമുണ്ട്. അല്ലെങ്കിൽ രണ്ടുതരത്തിലുള്ള ആളുകളുണ്ട്. ജൽസയിൽ പങ്കെടുക്കുന്നവരെന്ന് പറയാൻപറ്റാത്ത ജൽസയുടെ ഏർപ്പാടുകൾക്ക് കീഴിലുള്ള വിഭാഗമാണ് ഒന്ന്. ഒരുകൂട്ടർ ജൽസയിൽ പങ്കെടുക്കാൻ വരുന്നവരാണ്. എന്തായാലും ഈ രണ്ടുതരത്തിലുള്ള ആളുകളാണുള്ളത്. ഈ രണ്ടുതരത്തിലുള്ള ആളുകളിൽ ഈ പ്രത്യേകതകളുണ്ടാകേണ്ടത് നിർബന്ധമാണ്. അവർക്ക് ഇക്കാര്യങ്ങളിൽനിന്ന് മോചിതരാവാൻ സാധ്യമല്ല. ഡ്യൂട്ടി കൊടുക്കുന്നവരും സേവനം ചെയ്യുന്നവരും പ്രവർത്തകരും ജൽസയിൽ പങ്കെടുക്കുന്നവരല്ല. ഇരുകൂട്ടരും ഈ നിലവാരം വെച്ചുകൊണ്ട് തങ്ങളെ സ്വയം ഉരച്ചുനോക്കേണ്ടതാണ്. ആതിഥേയരും അതിഥികളും അത് നോക്കേണ്ടതാണ്. ഈ രണ്ടുപേരിലും തഖ്‌വ ഉണ്ടാകുകയാണെങ്കിൽ ഈ പ്രത്യേകതകളുമുണ്ടാകും. ഇതുസംബന്ധമായി ഇരുകൂട്ടരോടും ഞാൻ അവരുടെ ഉത്തരവാദിത്തങ്ങളേയും നിർബന്ധകാര്യങ്ങളേയും സംബന്ധിച്ച് കുറച്ചുകാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ്. രണ്ടുകൂട്ടരിലും ഈ പ്രത്യേകതകളുണ്ടായാൽ ജൽസയുടെ അന്തരീക്ഷവും പ്രസന്നമായിരിക്കും. ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യവും പൂർത്തിയാകും. ഡ്യൂട്ടി നല്കുന്നവർക്ക് തങ്ങൾ ഡ്യൂട്ടികൾ നല്കിയെന്നും തങ്ങൾ സന്നദ്ധസേവകരാണെന്നും അതുകൊണ്ട് തങ്ങൾ എന്തോ വലിയ ഉദ്ദേശ്യം കരസ്ഥമാക്കിയെന്നും അല്ലെങ്കിൽ അല്ലാഹുവിനെ തൃപ്തനാക്കിയെന്നും മനസ്സിലാക്കാൻ കഴിയുന്നതാണ്. അതേ, അതിനോടൊപ്പം ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ അല്ലാഹുവിനെ തൃപ്തനാക്കി! തങ്ങൾ വലിയ ദീർഘമായ യാത്ര ചെയ്തുവന്നുവെന്നും അങ്ങനെ തങ്ങൾ അല്ലാഹുവിനെ തൃപ്തനാക്കിയെന്നും പങ്കെടുക്കുന്നവർക്ക് പറയാൻ സാധ്യമല്ല. അതെ, അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനം ഉണ്ടാകുകയും ദാസരോടുള്ള കടമകളിലേക്ക് ശ്രദ്ധയുണ്ടാകുകയുമാണെങ്കിൽ ആ രീതിയിൽ അല്ലാഹുവിനെ തൃപ്തനാക്കിയെന്ന് പറയാൻ കഴിയുന്നതാണ്.

ഏറ്റവുമാദ്യം ഞാൻ പ്രവർത്തകരോട് അല്ലെങ്കിൽ ആതിഥേയരോട് പറയുകയാണ്, നിങ്ങളുടെ ഉള്ളിൽ ഈ പ്രത്യേകതകൾ പ്രത്യേമായ നിലയിൽ ഉണ്ടാക്കാൻ ശ്രമിക്കുക. നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കുക. ഏതു പരിതഃസ്ഥിതിയിലും അതിഥികളെ ഗൗനിക്കേണ്ടതാണ്. മൃദുവായ ഭാഷ ഉപയോഗിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഭാരവാഹികളുടേയും പ്രവർത്തകരുടേയും ഏറ്റവുമാദ്യത്തെ നിർബന്ധകടമ എന്നുപറയുന്നത് മൃദുലമായ ശൈലിയിൽ സംസാരിക്കുക എന്നതാണ്. ഭാരവാഹികളുടേയും പ്രവർത്തകരുടേയും ഒന്നാമത്തെ നിർബന്ധകടമ വിനയം കാണിക്കുക എന്നതാണ്. ഏതു പരിതഃസ്ഥിതിയിലും അതിഥികളെ ശ്രദ്ധിക്കേണ്ടതാകുന്നു. ഭാരവാഹികളും പ്രവർത്തകരും എപ്പോഴും സൗമ്യതയോടുകൂടി സംസാരിക്കേണ്ടതാണ്.

പിന്നീട് പ്രവർത്തകരുടെ പരസ്പരമുള്ള ബന്ധമാണ്. അതിലും സ്നേഹവും ആത്മാർഥതയും സാഹോദര്യവുമുണ്ടായിരിക്കേണ്ടതാണ്; അതിഥികളോടും പരസ്പരമുള്ള ബന്ധങ്ങളിലും. ഉദ്യോഗസ്ഥരും കീഴിലുള്ളവരും ജോലിചെയ്തുകൊണ്ട് ഒരാൾ മറ്റൊരാളോട് ദ്വേഷ്യപ്പെട്ടാൽ അതിഥികളിൽ പ്രത്യേകിച്ചും അത് കേൾക്കുന്ന അന്യരായ അതിഥികളിൽ - അഹ്മദികളുടെ ജൽസയിൽ എല്ലാവരും പരസ്പരം സ്നേഹത്തോടും പ്രതീയോടുംകൂടി ഇരിക്കുന്നുവെന്നും ഒരുതരത്തിലുള്ള ദ്വേഷത്തിന്റെ പ്രകടനവുമില്ലെന്നും അല്ലെങ്കിൽ ഉണ്ടാകുന്നില്ലെന്നും മനസ്സിലാക്കിയിട്ടുള്ളവർ-ഇത്തരത്തിലുള്ള കാര്യങ്ങളും കുഴപ്പങ്ങളും കാണുമ്പോൾ അല്ലെങ്കിൽ എവിടെയെങ്കിലും രണ്ടാളുകൾ ഉച്ചത്തിൽ സംസാരിക്കുന്നത് കാണുമ്പോൾ അത് അവരിൽ തെറ്റായ സ്വാധീനമുണ്ടാക്കുന്നതാണ്. പ്രവർത്തകർ എപ്പോഴും, നിങ്ങൾ നിങ്ങളെ കുറച്ചു ദിവസത്തെ സേവനത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണെന്ന് ഓർക്കേണ്ടതാണ്. ഈ സേവനം എന്നു പറയുന്നതും ഉന്നതമായ സ്ഥാനം ഉൾക്കൊള്ളുന്നതാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കലാണ്. അതിൽ നിങ്ങളുടെ പെരുമാറ്റ രീതി ഏതെങ്കിലും അതിഥിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതോ പ്രവർത്തകർക്ക് പരസ്പരം വിഷമമുണ്ടാക്കുന്നതോ ആകാൻ പാടില്ല. ജൽസയുടെ തർബിയത്തിന്റെ ഭാഗമാണിത്. ഓഫീസർമാരും കീഴിലുള്ളവരും തങ്ങളുടെ വികാരങ്ങളെ നിയന്ത്രിച്ചുവെക്കേണ്ടതാണ്. പാർക്കിംഗ് ഉണ്ട്. ട്രാഫിക്ക് കൺട്രോൾ മുതൽ ഭക്ഷണം പാചകം ചെയ്യുന്നവരേയും അതുപോലെതന്നെ ശുചീകരണ ജോലികൾ ചെയ്യുന്ന പ്രവർത്തകർ വരേ


അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തുകടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

യുമുള്ള എല്ലാവരും തങ്ങളുടെ ഉന്നതമായ ധാർമികഗുണം ഈ ദിനങ്ങളിൽ പ്രകടിപ്പിക്കേണ്ടതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: **ഖൂലൂ ലിന്നാസി ഹുസ്നാ** (2:84) അതായത് ജനങ്ങളോട് വിനയത്തോടുകൂടി സംസാരിക്കുക. സ്വഭാവത്തിന്റെ നിലവാരം നിലനിറുത്തുന്നതിനുവേണ്ടിയാണ് ഇക്കാര്യം അല്ലാഹു പറഞ്ഞിട്ടുള്ളത്. ഇതൊരു പൊതുവായ നിർദേശമാണ്. ഒരു സത്യവിശ്വാസിയിൽനിന്ന് എപ്പോഴും ഉന്നതമായ സ്വഭാവത്തിന്റെ പ്രകടനം ഉണ്ടാകേണ്ടതാണ്. പക്ഷേ, ഈ പ്രത്യേക അവസ്ഥകളിൽ നിങ്ങൾ നിങ്ങളുടെ ജൽസയുടെ അതിഥികളെ സേവിക്കുന്നതിനുവേണ്ടി സമർപിച്ചിട്ടുള്ള ആ അതിഥി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥിയാണ്. ആ അതിഥി തന്റെ വൈജ്ഞാനികവും കർമപരവും ആത്മീയവുമായ അവസ്ഥകളെ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇവിടെ വന്നിട്ടുള്ളത്. അവരുടെ കർമപരമായ ശിക്ഷണം പ്രവർത്തകർക്ക് തങ്ങളുടെ പെരുമാറ്റംകൊണ്ടും ചെയ്യുവാൻ സാധിക്കും. ചെയ്യുകയും ചെയ്യും! ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തകരായ നിങ്ങൾ രണ്ട് പ്രതിഫലത്തിന് അർഹരാകുന്നു. ഒന്ന് ജൽസയിൽ ചെയ്യുന്ന സേവനത്തിന് സ്വയം നിങ്ങളെ സമർപിച്ചുകൊണ്ട്; രണ്ടാമത്തേത് നിങ്ങളുടെ സൽപെരുമാറ്റം കൊണ്ട് മറ്റുള്ളവർക്ക് ശിക്ഷണം നല്കിക്കൊണ്ട്. ജൽസയിൽ വരുന്ന ഓരോരുത്തരും മറ്റുള്ളവർക്കും ഈ ബോധം നല്കിക്കൊണ്ട് ഉന്നതമായ സ്വഭാവം പ്രകടിപ്പിക്കുന്നവരാകേണ്ടതാണ്. ഇനി ആരെങ്കിലും തെറ്റായ നിലയിൽ അല്ലെങ്കിൽ കടുപ്പമായി സംസാരിച്ചാൽ, തെറ്റായി സംസാരിക്കുന്നവൻ ഇത് കാണുമ്പോൾ അതായത് പ്രവർത്തകൻ അതിന്റെ മറുപടി സൗമ്യഭാവത്തോടും സൽസ്വഭാവത്തോടുംകൂടി കൊടുക്കുന്നത് കാണുമ്പോൾ ഈ കർമപരമായ മാതൃക സ്വയമേവ മറ്റുള്ളവർക്ക് അവന്റെ തെറ്റിനെ കുറിച്ച് ബോധം നല്കി കർമപരമായ തർബിയ്യത്ത് കൊടുക്കുന്നവനാകും. നബി(സ)തിരുമേനി പറഞ്ഞു: 'തുലാസിൽ ഉത്കൃഷ്ടസ്വഭാവത്തെക്കാളധികം ഭാരമുള്ള ഒരു വസ്തുവുമില്ല.' (സുനൻ, അബീദാവൂദ്, കിതാബുൽ അദബ്, ബാബ് ഫീ ഹുസ്നുൽ ഖൽഖ്, ഹദീദ് 4799). ത്രാസിൽ തൂക്കിനോക്കിയാൽ ഉന്നതമായ സ്വഭാവം അത് അവന്റെ ഏറ്റവും കൂടുതൽ ഭാരമുള്ളതായിരിക്കും. കാരണം ഉന്നതമായ സ്വഭാവം തന്നെയാണ് ലോകത്ത് കുഴപ്പങ്ങൾ അവസാനിപ്പിക്കുന്നത്. ഉന്നതമായ സ്വഭാവം തന്നെയാണ് പിന്നീട് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിലേക്ക് കൊണ്ടുപോകുന്നത്. എന്നല്ല, ചില പരിതഃസ്ഥിതികളിൽ സമസൃഷ്ടികളോടുള്ള കടമകളെക്കാൾ കൂടുതൽ അല്ലാഹുവിനോടുള്ള കടമകൾ വർധിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയിട്ടുമുണ്ട്. (മൽഫൂദാത്ത്, വാല്യം 10, പേജ് 290, 1985, ലണ്ടൻ പതിപ്പ്)

ഉന്നതമായ സ്വഭാവങ്ങൾ കാരണത്താൽ വികാരങ്ങളുടെമേൽ നിയന്ത്രണമുണ്ടാകുമെന്നും ക്ഷമയുടെ പ്രകടനമുണ്ടാകുമെന്നും മറ്റുള്ളവരുടെ തെറ്റായ സംസാരത്തിന് സൗമ്യമായ നിലയിൽ മറുപടി നല്കുന്നതിനുള്ള സഹനമുണ്ടാകുമെന്നും നബി(സ) തിരുമേനി പറഞ്ഞതുപോലെ! മനുഷ്യന്റെ ധാരാളം മറ്റു പാപങ്ങളും പൊറുക്കുന്നതിന് ഇതേ ശ്രേഷ്ഠമായ സ്വഭാവം മാർഗമായിത്തീരുന്നു.

അതുകൊണ്ട് ആദ്യത്തെ കാര്യം എല്ലാ പ്രവർത്തകരും അവരുടെ സ്വഭാവം ഉന്നതമാക്കണമെന്ന് നിശ്ചയിച്ചുറപ്പിക്കുക. നോക്കൂ, എത്ര വലിയ ലാഭകരമായ കച്ചവടമാണ്. അല്ലാഹുവിനുവേണ്ടി കേവലം തന്റെ നാവടച്ചുവെക്കുകയും പുഞ്ചിരിക്കുന്ന മുഖത്തോടെ പെരുമാറുകയും ചെയ്യുന്നവനെ അവൻ എങ്ങനെയാണ് പ്രത്യേകമായനിലയിൽ കടാക്ഷിക്കുന്നത്. ഇനി ആരെങ്കിലും ഡ്യൂട്ടിയുടെ ഭാരമോ അല്ലെങ്കിൽ ആരുടെയെങ്കിലും മോശമായ പ്രകടനമോ ആരുടെയെങ്കിലും തെറ്റായ പെരുമാറ്റരീതിയോ കാരണത്താൽ തനിക്കും ദേഷ്യം വന്നുവെന്നു പറഞ്ഞാൽ, നമ്മൾ എപ്പോഴും നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ലേക്ക് നോക്കേണ്ടതാണ്. ആ മഹാത്മാവിനെ കുറിച്ച് 'അദ്ദേഹം നിങ്ങൾക്ക് ഉത്തമമാതൃകയാണെന്ന്' അല്ലാഹു പറഞ്ഞു. ആ മഹാത്മാവ് സഹിക്കാത്ത ഏത് ബുദ്ധിമുട്ടാണുള്ളത്. ആ മഹാത്മാവിനുണ്ടാകാത്ത ഏത് പ്രയാസമാണുള്ളത്? അല്ലെങ്കിൽ അദ്ദേഹത്തിനുവേണ്ടി സൃഷ്ടിച്ചിട്ടില്ലാത്ത ഏതു കാരണങ്ങളാണുള്ളത്? മനുഷ്യന്റെ തെറ്റുകൊണ്ട് എത്രമാത്രം കഠിനമായ അവസ്ഥകളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുവോ, അതിനേക്കാൾ കൂടുതൽ നബി(സ)തിരുമേനി ആ പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലൂടെയും കടന്നുകഴിഞ്ഞിട്ടുണ്ട്; അത് സഹിച്ചിട്ടുണ്ട്. പക്ഷേ, എന്നിട്ടും തങ്ങൾ നബി(സ)തിരുമേനിയേക്കാൾ കൂടുതൽ പുഞ്ചിരിക്കുന്നവനായി ആരേയും കണ്ടിട്ടില്ലെന്ന് സ്വഹാബാക്കൾ പറയുന്നു. (സുനനുത്തുർമുദി അബ്വാബുൽ മനാഖിബ്, ഹദീദ് 3641). തങ്ങൾ അവിടത്തേക്കാളധികം പുഞ്ചിരിക്കുന്നവനായി മറ്റാരേയും കണ്ടിട്ടില്ല. മന്ദഹാസം എപ്പോഴും അവിടത്തെ മുഖകമലത്തിലുണ്ടായിരുന്നു. ഇതാണ് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ്(സ)തിരുമേനിയുടെ മാതൃക.

പിന്നീട് അവിടന്ന് 'ആരാണോ സൗമ്യമായി സംസാരിക്കുന്നതിൽനിന്ന് പിന്തള്ളപ്പെടുന്നത് അവൻ നന്മയിൽനിന്നും പിന്തള്ളപ്പെട്ടിരിക്കുന്നു' എന്നു പറഞ്ഞ് അവിടന്ന് നമ്മെ ജാഗരൂകരാക്കി. (സുനനുത്തുർമുദി, അബ്വാബുൽ ബിർറി വസ്സില, ഹദീഥ് 2013). നിങ്ങളുടെ ഉള്ളിൽ സൗമ്യഭാവമില്ലെങ്കിൽ അപ്പോൾ നിങ്ങൾ നന്മയിൽനിന്നും തടയപ്പെട്ടിരിക്കുന്നു. ഇത് പ്രവർത്തകർക്കും മറ്റുള്ളവർക്കും വേണ്ടിയുള്ളതാണ്. ധാരാളമാളുകൾ തമ്മിൽ തമ്മിൽ ഒരാൾ മറ്റൊരാളോട് പ്രശ്നങ്ങളിൽ പെടുന്നു. പിന്നീട് എല്ലാ നന്മയിൽനിന്നും പിന്തള്ളപ്പെട്ടുപോകുന്നു. അതുകൊണ്ട് അല്ലാഹു നിങ്ങൾക്ക് വർഷത്തിനുശേഷം നല്കിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ എല്ലാവരും പ്രത്യേകിച്ചും പ്രവർത്തകർക്ക് ശ്രേഷ്ഠ സ്വഭാവത്തിന്റെ നിലവാരം, നിങ്ങളുടെ വിനയത്തിന്റെ നിലവാരം, നിങ്ങളുടെ മുഖത്തെ മന്ദസ്മിതത്തിന്റെ പ്രകടനം മുമ്പത്തേക്കാളുപരി കാണിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളോട് ശ്രേഷ്ഠമായ സ്വഭാവത്തിന്റെ ഏതൊരു പ്രകടനം കാണിക്കാനാണോ നമ്മെ ഉപദേശിച്ചത് അതും എല്ലാ ഓരോ പ്രവർത്തകനും അവരുടെ മുമ്പിൽ വെക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു: അതിഥികളുടെ മനസ്സ് കണ്ണാടിപോലെയാണ്. അല്പം ക്ഷതമേറ്റാൽ മതി അത് പൊട്ടിപ്പോകുന്നു.' (മൽഫൂദാത്ത്, വാല്യം 5, പേജ് 406, 1985, ലണ്ടൻ പതിപ്പ്)

പിന്നീട് അതിഥികളെ സേവിക്കുന്നവർക്ക് പൊതുവായ നിർദേശങ്ങൾ നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: നോക്കൂ, ധാരാളം അതിഥികൾ വന്നിട്ടുണ്ട്. അവരിൽ ചിലർ നിങ്ങൾക്ക് പരിചയമുള്ളവരാണ്. എന്നാൽ, ചിലരെ പരിചയമില്ല. അതുകൊണ്ട് ഉചിതമായിട്ടുള്ളത്, എല്ലാവരേയും ആദരിക്കണമെന്ന വിചാരത്തോടുകൂടി സൽക്കരിക്കുക എന്നതാണ്.' (മൽഫൂദാത്ത്, വാല്യം 6, പേജ് 226, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അതിഥികളുടെ ആതിഥ്യ സൽക്കാരത്തിൽ ഒരുതരത്തിലുള്ള പക്ഷാപാതവും ഉണ്ടാകാൻ പാടില്ല. അറിയുന്നവരോട് നല്ല പെരുമാറ്റവും അറിയാത്തവരോട് മോശമായ പെരുമാറ്റവും ഒരിക്കലും ഉണ്ടാകരുത്. അവരോട് നീരസത്തോടെ പെരുമാറാനും പാടില്ല.

ഇപ്രാവശ്യം ഇവിടെ ആഫ്രിക്കയിൽനിന്നും ധാരാളം മറ്റു രാജ്യങ്ങളിൽനിന്നും ഒരുപാട് അതിഥികൾ വന്നിട്ടുണ്ട്. മുമ്പേ കിഴക്കൻ യൂറോപ്പിൽനിന്നും യൂറോപ്പിന്റെ പ്രദേശങ്ങളിൽനിന്നുമാണ് വന്നിരുന്നത്. വരുന്ന ഓരോരുത്തരും ജൽസസാലാന ജർമനിയുടേയും ഇവിടത്തെ ആതിഥ്യം നല്കുന്നവരുടേയും പ്രസന്നവും നല്ലതുമായ ഓർമകൾ എടുത്തുകൊണ്ടുപോകേണ്ടതാണ്. ഇത് പ്രവർത്തിക്കുന്നവരും അവരുടെ പെരുമാറ്റവും തമ്മിൽ ബന്ധപ്പെട്ടതാണ്. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിലും നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കുക. അന്യജമാഅത്തുകളിൽനിന്നു വരുന്ന അതിഥികളെ ഓരോ പ്രവർത്തകനും ജൽസയിൽ പങ്കെടുക്കുന്ന ഓരോ അഹ്മദിയും ഇസ്‌ലാമിന്റെ പ്രത്യേകമായ അധ്യാപനത്തിന്റെ കർമപരമായ മാതൃക കാണിച്ച് തബ്‌ലീഗിനുള്ള മാർഗമായിത്തീരുക. മനോഹരമായ അധ്യാപനം കാണിക്കുന്നതിനുള്ള മാർഗമായി മാറുക. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിലും ഈ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ഡ്യൂട്ടികൾ നല്കുന്ന ഓരോരുത്തരും ഒരു നിശ്ശബ്ദമായ തബ്‌ലീഗാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ഓരോ വകുപ്പിലേയും പ്രവർത്തകർ തങ്ങളുടെ വകുപ്പ് സുപ്രധാനമാണെന്ന് ഓർമിക്കേണ്ടതാണ്. ഞാൻ പറയുകയുണ്ടായി, ട്രാഫിക് കൺട്രോളിന്റെ വകുപ്പുണ്ട് അല്ലെങ്കിൽ പാർക്കിംഗിന്റെ വകുപ്പുണ്ട്. രജിസ്ട്രേഷന്റേയും സ്കാനിംഗിന്റേയും വകുപ്പുണ്ട്. ഭക്ഷണം പാചകം ചെയ്യുന്നതിന്റേയും അത് വിതരണം ചെയ്യുന്നതിന്റേയും വകുപ്പുണ്ട്. ശുചിത്വത്തിന്റെ വകുപ്പുണ്ട്. അച്ചടക്കം നിലനിറുത്തുന്നതിന്റെ വകുപ്പുണ്ട്. ഓരോ വകുപ്പും വെറും അതിഥികളുടെ സേവനം മാത്രമല്ല ചെയ്യുന്നുണ്ടാകുക. മറിച്ച്, നിശബ്ദമായ തബ്‌ലീഗും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഡ്യൂട്ടികളുടെ ഈ പ്രാധാന്യത്തേയും മനസ്സിലാക്കു

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."
(ഖുത്ബ ജുമുഅ,2017 മെയ് 5.)

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ക. അച്ചടക്കത്തിന്റെ കാര്യത്തിൽ മുഖത്ത് എപ്പോഴും ഗൗരവഭാവമുണ്ടാകണം. എങ്കിലേ ഫലിക്കുകയുള്ളൂ എന്ന നിർബന്ധമില്ല. സ്ത്രീകളിൽ പ്രത്യേകിച്ചും യു.കെ ജൽസയിൽ പെൺകുട്ടികൾ അച്ചടക്കം നിലനിറുത്തിക്കൊണ്ടിരുന്നു. അവർ പുഞ്ചിരിക്കുന്ന മുഖത്തോടുകൂടിയാണ് ആ വകുപ്പ് കൈകാര്യം ചെയ്തത്. ആരോ എന്നോട് പറഞ്ഞു, ഇന്ന പെൺകുട്ടി അവൾ ലജനയിൽ ചേർന്നുകഴിഞ്ഞതാണ്. സംസാരിക്കുമ്പോൾ അല്ലെങ്കിൽ സ്ത്രീകൾ ഇരുന്ന് പരസ്പരം സംസാരിക്കാൻ തുടങ്ങുമ്പോൾ മന്ദസ്മിതയായിക്കൊണ്ട് നിശ്ശബ്ദരായിരിക്കുക എന്ന ബോർഡ് കൊണ്ടുവന്ന് മുമ്പിൽ പിടിച്ച് അവളും ഞങ്ങളെ നാണംകെടുത്തിയെന്ന്! വായകൊണ്ടൊന്നും പറയുകയില്ല. കാര്യം മനസ്സിലാക്കുന്ന ആളുകളാണെങ്കിൽ തീർച്ചയായും ആ ഡ്യൂട്ടി നല്കുന്നവർ പറയുന്നതുകൊണ്ട് നിശബ്ദരാകുന്നതായിരിക്കും. ഇനി അജ്ഞരാണെങ്കിൽ ദുസ്വഭാവികളാണെങ്കിൽ നിശ്ശബ്ദത പാലിക്കുകയില്ല. ചില ദുഷ്പ്രകൃതക്കാരുമുണ്ട്. അവർ തങ്ങൾക്കറിയാം മിണ്ടാതിരിക്കണമെന്ന് പറഞ്ഞ് ഡ്യൂട്ടികൾ നല്കുന്നവരുടെ വായ അടപ്പിക്കുന്നു. അത്തരക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഈ ചെറുപ്പക്കാരികൾ ഒന്നും പറയേണ്ട ആവശ്യമില്ല. നിങ്ങൾ നിങ്ങളുടെ ഇൻചാർജിനോടു പറയുക. അവർ സ്വയം മനസ്സിലാക്കിക്കൊടുക്കും. പക്ഷേ, പെൺകുട്ടികൾ വലിയ സ്ത്രീകളുമായി അവർ എവിടെയായിരുന്നാലും വഴക്കിടേണ്ട കാര്യമൊന്നുമില്ല.

ഇപ്രകാരം പ്രത്യേകിച്ചും ഭക്ഷണസ്ഥലത്ത് ശ്രദ്ധിക്കണം. ആരെങ്കിലും അസമയത്ത് വരികയോ അയാൾക്ക് എന്തെങ്കിലും നിർബന്ധമായ കാര്യമുണ്ടാകുകയോ രോഗിയാവുകയോ അല്ലെങ്കിൽ കുട്ടി കരയുകയോ ചെയ്യുകയാണെങ്കിൽ കഴിയുന്നിടത്തോളം അവരെ സഹായിക്കേണ്ടതാണ്. അത് ചെയ്തുകൊടുക്കേണ്ടതാണ്. ഇനി ചെയ്തുകൊടുക്കാൻ കഴിയുന്നില്ലെങ്കിൽ മൗനമായി സൽപെരുമാറ്റത്തോടുംസന്തോഷത്തോടുകൂടി മറുപടി നല്കുക. ഇനി ആരെങ്കിലും കഠിനമായി സംസാരിക്കുകയാണെങ്കിൽതന്നെ മൗനം പാലിക്കുക.

ഇപ്രകാരംതന്നെ പുരുഷന്മാരുടേയും സ്ത്രീകളുടേയും ശുചിമുറികളിലും ശുചിത്വത്തിനുള്ള ശ്രദ്ധയുണ്ടാകേണ്ടതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ഞാൻ ഇന്നലെ പ്രവർത്തകർക്ക് നിർദേശം നല്കിക്കൊണ്ട് പറഞ്ഞുകൊടുത്തിരുന്നു. ഡ്യൂട്ടി നല്ലരീതിയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്ന നിലവാരത്തിലും ചെയ്യുന്നതിന് നിർബന്ധമായും വിനയവും എളിമയും ഉണ്ടാകേണ്ടതാണ്. മനസ്സിൽ മറ്റുള്ളവരോട് സ്നേഹമുണ്ടാകണം. അവരുടെ വികാരങ്ങൾ മാനിക്കണം. ഇങ്ങനെയായാൽ നിങ്ങളുടെ ഡ്യൂട്ടികളും അല്ലാഹുവിനുവേണ്ടിയുള്ളതായിരിക്കും.

വരുന്ന അതിഥികളും ഓർമിക്കേണ്ടതുണ്ട്. ആരംഭത്തിൽ ഞാൻ അത് പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഇവിടെ വരുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവുമായി ബന്ധമുണ്ടാക്കുന്നതിനുവേണ്ടിയായിരിക്കണം. അതിന് ഉന്നതമായ നില കരസ്ഥമാക്കണം. പിന്നീട് അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കണം. വരുന്ന അതിഥികളും എപ്പോഴും ഓർമിക്കേണ്ടതാണ്, ഈ ജൽസയിൽ പങ്കെടുക്കുന്നത് ഞാൻ പറഞ്ഞതുപോലെ മനസ്സിൽ തഖ്‌വ ഉണ്ടാക്കുക എന്നതാണ്. നിങ്ങളുടെ വൈജ്ഞാനികവും കർമപരവും ആത്മീയവുമായ അവസ്ഥ മെച്ചപ്പെടുത്തുക എന്നതാണ്. ഈ ഉദ്ദേശ്യം മുന്നിലുണ്ടെങ്കിൽ ഒരുതരത്തിലുള്ള വൈരാഗ്യവും പരാതിയും മറ്റുള്ളവരോടും പ്രത്യേകിച്ച് പണിയെടുക്കുന്നവരോടും പ്രവർത്തകരോടും ഉണ്ടാകുകയില്ല. ഈ ഡ്യൂട്ടി നല്കുന്നവർ കൂടുതലും ചെറുപ്പക്കാരാണ്. വിദ്യാർഥികളാണ്. കോളേജുകളിൽ പഠിക്കുന്നവരാണ്. ചിലർ നല്ല വകുപ്പിൽ ഉദ്യോഗം വഹിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്ന ഒറ്റക്കാരണത്താലാണ് അവർ ഈ ഡ്യൂട്ടി നല്കുന്നത്. അതുകൊണ്ട് പങ്കെടുക്കുന്ന നിങ്ങളും നിങ്ങളെ ഈ നിലവാരത്തിലേക്ക് കൊണ്ടുവരേണ്ടത് നിർബന്ധമാണ്. അത് നിങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥിയാക്കുന്നതായിരിക്കും. അല്ലാതെ വെറും ജൽസയിൽ പങ്കെടുത്ത് നിങ്ങൾ അതിഥികളാകുകയില്ല. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാതെയും അവിടന്ന് പറഞ്ഞതനുസരിച്ച് കർമം ചെയ്യാതെയും അവിടത്തെ ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കാതെയും തങ്ങൾ ജൽസയിൽ വന്നതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളാണെന്നും ആയിരം തവണ പറഞ്ഞാലും അവിടത്തെ അതിഥിയല്ലതന്നെ. കാരണം നിങ്ങളുടെ കർമങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളുടെ പ്രവർത്തനങ്ങൾ അതല്ലെന്നാണ്.

അതുകൊണ്ട് പങ്കെടുക്കുന്നവരും തങ്ങളെ ഈ ഉത്തരവാദിത്വങ്ങളിൽ നിന്ന് മുക്തരാണെന്ന് മനസ്സിലാക്കരുത്. നിങ്ങൾക്കും നിങ്ങളുടെ പെരുമാറ്റം ശരിയാക്കേണ്ടിവരും. ഈ പ്രവർത്തകരെ സഹായിക്കേണ്ടതാണ്. ഇവർ നിങ്ങളെ സേവിക്കാൻ നിയമിതരാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, നിങ്ങളുടെ ഭാഗത്തുനിന്നും സൽസ്വഭാവത്തിന്റെ പ്രകടനമുണ്ടാകേണ്ടതാണ്. ഈ യുവാക്കൾ ഒരു വികാരത്തിന് വിധേയരായാണ് സേവനത്തിന് വരുന്നത്. അവരോടു അതിഥികളും നല്ലരീതിയിൽ പെരുമാറേണ്ടതാണ്. അവരിലെ സേവനത്തിനോടുള്ള അഭിനിവേശവും വികാരവും കൂടുതൽ ഉണ്ടാകുന്നതിനും നിലകൊള്ളുന്നതിനും നിങ്ങളും സൽസ്വഭാവം പ്രകടിപ്പിക്കേണ്ടതാണ്. അതിഥികളുടെ പെരുമാറ്റം കാരണത്താൽ അടുത്ത വർഷം അവർ ഡ്യൂട്ടികളിൽ നിന്ന് ഒഴിഞ്ഞു മാറാൻ തുടങ്ങരുത്.

ജർമനിയിൽ താമസിക്കുന്ന അതിഥികളും ഓർക്കേണ്ടതാണ്. അവർ ഒരു ഭാഗത്ത് അതിഥിയും ഒരു ഭാഗത്ത് ആതിഥേയനുമാണ്. ജർമനിക്കു പുറത്തുനിന്നും വരുന്നവർ അവർക്കുവേണ്ടി ത്യാഗം ചെയ്യേണ്ടതാണ്. കാരണം ജർമനിയിൽ താമസിക്കുന്നവരും വെളിയിൽനിന്ന് വന്ന് ജൽസയിൽ പങ്കെടുക്കുന്നവരും ഇപ്പോൾ അതിഥികളായിരിക്കുന്നു. ഇവിടെ താമസിക്കുന്നവർ ആതിഥേയരും. അതിനാൽ അവർക്കുവേണ്ടി നിങ്ങളും ത്യാഗംവരിക്കേണ്ടതാണ്. ഇരിക്കാൻ സ്ഥലം കൊടുക്കണം. ഭക്ഷണം കഴിക്കുന്ന നേരത്ത് സ്ഥലം കുറവാണെങ്കിൽ അവിടെ സ്ഥലം നല്കേണ്ടതാണ്. മറ്റേതെങ്കിലും തരത്തിലുള്ള സഹായം ആവശ്യമുണ്ടെങ്കിൽ അവരെ സഹായിക്കേണ്ടതും നിങ്ങളുടെ നിർബന്ധ കടമയാണ്. ഭാഷ തുടങ്ങിയ പ്രശ്നം കാരണത്താൽ ചിലപ്പോൾ സഹായം ആവശ്യമുണ്ടാകും. എവിടെ ആവശ്യമുണ്ടായാലും സഹായിക്കുക. സഹായിക്കുക എന്നത് വെറും ഡ്യൂട്ടി നല്കുന്നവരുടെ പ്രവൃത്തിയല്ല. ഇവിടെ താമസിക്കുന്ന എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശമനുസരിച്ച് പരസ്പരമുള്ള സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രകടനവും ഇതുതന്നെയാണ്.

ജമാഅത്തിനു പുറത്തുള്ള അതിഥികളും വന്നിട്ടുണ്ട്. അവരേയും ഞാൻ പറഞ്ഞതുപോലെ ഓരോ അഹ്മദിയും തങ്ങളുടെ സൽമാതൃക കാണിക്കേണ്ടതാണ്. നിങ്ങളെല്ലാവരുടേയും മാതൃക കണ്ടുകൊണ്ട് അന്യർക്ക് ഇസ്‌ലാമിക സമൂഹത്തിന്റെ മനോഹരമായ ദൃശ്യങ്ങൾ കാണാൻ കഴിയുന്നതായിരിക്കും. ഓരോ അഹ്മദിയും വിനയം, സൗമ്യഭാവം, പരസ്പരമുള്ള സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മാതൃക കാണിക്കുന്നിടത്ത്, ആ ദൃശ്യങ്ങൾ കാണാൻ കഴിയുന്നതായിരിക്കും. അതിനാൽ പുരുഷന്മാരും സ്ത്രീകളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഭക്ഷണത്തെ സംബന്ധിച്ച് എവിടെയെങ്കിലും എന്തെങ്കിലും കുറവോ കൂടുതലോ ഉണ്ടായെങ്കിൽ സഹിക്കേണ്ടതാണ്. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് ആത്മീയ ഭക്ഷണത്തിനു വേണ്ടിയാണ്. അതാണ് യഥാർഥ ഭക്ഷണം. അതിനാൽ അത് കരസ്ഥമാക്കാൻ ശ്രമിക്കുക. ഇത് അത്യാവശ്യമാണ്. അതുപോലെ ബസാറിന്റെ സമയത്ത് ബസാറിൽ പോകുക. പൊതുവെ തർബിയ്യത്ത് വകുപ്പ് ബസാർ തുറക്കുന്നതു തന്നെ ജൽസ നടക്കാത്ത സമയത്താണെന്ന് ഞാൻ കരുതുന്നു. എന്നാൽ, ചിലപ്പോൾ ആളുകൾ തങ്ങൾക്ക് പോയേപറ്റുവെന്ന് പറഞ്ഞു ശക്തിചെലുത്താറുണ്ട്. തങ്ങൾക്ക് വിശക്കുന്നുവെന്ന് പറയും. അതിനുള്ള ഏർപാടിനെ സംബന്ധിച്ച് മുമ്പേ പലപ്രാവശ്യം ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ആതിഥേയ വകുപ്പ് ഏർപാട് ചെയ്യേണ്ടതാണ്. സ്ത്രീകളുടെ ബസാറുമുണ്ട്. അതിലും പുരുഷന്മാരുടെ ബസാറിലും ജൽസയുടെ പവിത്രതയും അന്തരീക്ഷവും ശ്രദ്ധിക്കേണ്ടതാണ്. ജൽസാഗാഹിൽ ഇരുന്നുകൊണ്ടു മാത്രം ജൽസയുടെ പവിത്രത കാണിക്കുക എന്നതല്ല. ഇതെല്ലാം Premisesൽ അടങ്ങിയിരിക്കുന്നു. ടെന്റടിച്ചിട്ടുള്ള സ്ഥലങ്ങളിൽ അതു വന്നു കഴിഞ്ഞു; ക്യാമ്പുള്ള സ്ഥലങ്ങളിൽ, പന്തലിട്ടിട്ടുള്ള സ്ഥലങ്ങളിൽ ഇല്ലെങ്കിൽ ഹാളിൽ. ഇതെല്ലാം ജൽസയുടെ സ്ഥലങ്ങളാണ്. ഇവിടെയും നിങ്ങൾ ജൽസയുടെ പവിത്രത നിലനിറുത്തേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ ഖൂലൂ ലിന്നാസി ഹുസ്നൻ എന്ന കല്പന അതു ഞാൻ ആദ്യമെ പറഞ്ഞതാണ്. ഇതു പ്രവർത്തകർക്കുവേണ്ടി മാത്രമല്ല. മറിച്ച് എല്ലാ മുസ്‌ലിംകൾക്കുമാണ്. പ്രത്യേകിച്ചും അഹ്മദി

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

കളെല്ലാം ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

സൽസ്വഭാവം പ്രകടിപ്പിക്കണമെന്ന് ഞാൻ പ്രവർത്തകരോടു പറഞ്ഞിരുന്നു. ഒരു തരത്തിലുള്ള ദുസ്വഭാവവും കാണിക്കരുത്. ഇന്നലെയും പറഞ്ഞു, ഇന്നു പറഞ്ഞു. പക്ഷേ, ഇതിന്റെ അർഥം അവരുടെ ക്ഷമ നിങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുകയും അതുമുഖേന മോശമായ അവസ്ഥകൾ ഉണ്ടാക്കുകയും ചെയ്യുക എന്നതല്ല. എവിടെയൊക്കെ അതാതു വകുപ്പിന്റെ ബന്ധപ്പെട്ട പ്രവർത്തകൻ നിങ്ങളോടു എന്തെങ്കിലും കാര്യം ആവശ്യപ്പെടുകയോ അല്ലെങ്കിൽ നിർദേശിക്കുകയോ ചെയ്താൻ ശ്രേഷ്ഠമായ സ്വഭാവം പ്രകടിപ്പിച്ചുകൊണ്ട് അയാൾ പറയുന്നത് സമ്മതിക്കുകയും സഹായിക്കുകയും ചെയ്യുക. സൽസ്വഭാവത്തോടെ പെരുമാറുക എന്നത് വിശുദ്ധ ഖുർആനിന്റെ കല്പനയാണ്. ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കുമുള്ള ഖുർആനിക കല്പനയാണിത്.

ജൽസയുടെ നേരങ്ങളിൽ പ്രോഗ്രാം നടന്നു കൊണ്ടിരിക്കുമ്പോൾ എന്തെങ്കിലും നിർബന്ധ കാര്യം ഉണ്ടായാലൊഴികെ എഴുന്നേറ്റുപോകാൻ പാടില്ല. ജൽസയുടെ പരിപാടികൾ കേൾക്കേണ്ടതാണ്. ഓരോ പ്രസംഗത്തിലും ഒരോ അഹ്മദിയുടേയും ജീവിതം മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെടാവുന്ന എന്തെങ്കിലും കാര്യം ഉണ്ടായിരിക്കുന്നതാണ്.

ജൽസാ വേളയിലും നടക്കുമ്പോഴും ഇരിക്കുമ്പോഴുമൊക്കെ ഈ ദിനങ്ങളിൽ ദൈവസ്മരണയും സ്വലാത്തും ഇസ്തിഗ്ഫാറും ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ഈ ദുആകളും ദൈവസ്മരണയും സ്വലാത്തും ഓരോരുത്തരുടേയും വ്യക്തിപരമായ അവസ്ഥകൾ നന്നാക്കുന്നതിനുള്ള മാർഗമാണ്. ജമാഅത്തിന്റെ അവസ്ഥകളുടെ ഉന്നമനത്തിനുള്ള മാർഗവുമാണ്. ഏതൊരു ഘട്ടത്തിലൂടെയാണോ മുസ്‌ലിം ഉമ്മത്ത് കടന്നുപൊയ്കൊണ്ടിരിക്കുന്നത് അതിനും ഉന്നതമായ അവസ്ഥകൾക്ക് വേണ്ടി ദുആ ചെയ്യുക. ഇക്കാലത്ത് ലോകത്ത് ഏറ്റവും കൂടുതൽ സ്വലാത്ത് നബി(സ)തിരുമേനിയുടെ മേലാണ് ചൊല്ലപ്പെടുന്നത്. നമസ്കാരത്തിൽ മാത്രം കോടിക്കണക്കിന് മുസ്‌ലിംകൾ സ്വലാത്തു ചൊല്ലുന്നു. പക്ഷേ, നമ്മൾ കാണുന്നത് മതപരമായ അടിസ്ഥാനത്തിലും ആത്മീയമായ അടിസ്ഥാനത്തിലും ഭൗതികമായ അടിസ്ഥാനത്തിലും മുസ്‌ലിംകളുടെ അവസ്ഥകൾ ഏറ്റവും മോശമായിട്ടാണ്. കാരണം ഈ സ്വലാത്ത് ചൊല്ലുന്നത് ഒരു ചടങ്ങെന്ന നിലയിലാണ്. അവരുടെ നമസ്കാരങ്ങൾ നാശത്തിനു കാരണമാകുന്ന നമസ്കാരങ്ങളാണ്. അല്ലാഹുവിന്റെ നിർദേശമനുസരിച്ച് അത്തരം നമസ്കാരങ്ങളെ അല്ലാഹു അത് അനുഷ്ഠിക്കുന്നവന്റെ മുഖത്തേക്ക് വലിച്ചെറിയുന്നതാണ്. ഇത്തരം പരിതഃസ്ഥിതിയിൽ നിഷ്ക്കളങ്കരായിക്കൊണ്ട് ആത്മാർത്ഥതയോടും കൂറോടും കൂടിയും സ്വന്തം അവസ്ഥകളിൽ മാറ്റം ഉണ്ടാക്കിക്കൊണ്ടും സ്വന്തം മനസ്സിൽ ദൈവഭയം ഉണ്ടാക്കിക്കൊണ്ടും പ്രവർത്തിക്കുക. അഹ്മദികളിൽ വളരെ വലിയ ഉത്തരവാദിത്വമാണുള്ളത്. നബി (സ) തിരുമേനിയുടെ മേൽ സ്വലാത്തും സ്വലാമും ചൊല്ലുകയും ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കായി ദുആ ഇരക്കുകയും ചെയ്യുക. ഈ രാജ്യങ്ങളിൽ വന്നിട്ട് കേവലം തങ്ങളുടെ ഭൗതികാഗ്രഹങ്ങൾ പൂർത്തിയാക്കുന്നവരാകാതിരിക്കുക. മറിച്ച് ഒരു പരിശുദ്ധ മാറ്റം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കാൻ ശ്രമിക്കുക. സ്വലാത്തിനു പുറമെ ദൈവസ്മരണകൊണ്ടും സ്വന്തം നാവുകൾ ആർദ്രമാക്കിവെക്കുക. അല്ലാഹു നമ്മെ ഈ ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കാനും അതിന്റെ ബർക്കത്തുകളിൽ ഭാഗഭാക്കാകാനും അവനോടു ദുആ ചെയ്യുക. സദുദ്ദേശ്യത്തിനുവേണ്ടിയുള്ളതാണ് ഈ യാത്ര. അതിന്റെ അനുഗ്രഹം നമുക്കെപ്പോഴും എത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമ്മുടെ സന്താനങ്ങളിലും തഖ്‌വ ഉണ്ടാക്കുമാറാകട്ടെ. അല്ലാഹുവിന് ഇഷ്ടപ്പെടാത്ത കാര്യങ്ങളിൽ നിന്ന് നമ്മൾ രക്ഷപ്പെടുമാറാകട്ടെ. നമ്മുടെ മക്കളും തലമുറയും അവയിൽ നിന്ന് രക്ഷപ്പെടുമാറാകട്ടെ. നമ്മുടെ ധനത്തിൽ അനുഗ്രഹമുണ്ടാകട്ടെ. നമ്മളും നമ്മുടെ മക്കളും ധനം സമ്പാദിക്കുന്നതിന് അല്ലാഹുവിനിഷ്ടപ്പെടാത്തതും തെറ്റായിട്ടുള്ളതും അല്ലെങ്കിൽ നിഷിദ്ധമായ ധനത്തിന്റെ വിഭാഗത്തിൽ പ്പെടുന്നതുമായ മാർഗം സ്വീകരിക്കുന്നവരാകാതിരിക്കട്ടെ. സ്ത്രീകൾ തങ്ങളുടെ കുട്ടികൾക്കും ഭർത്താക്കന്മാർക്കുംവേണ്ടി ദുആകൾ ചെയ്യുക. അല്ലാഹു എപ്പോഴും അവരെ ദീനിൽ നിലനിറുത്തുമാറാകട്ടെ. ദീൻ പാഴായിപ്പോകുമെന്ന് ഭയപ്പെടുന്ന പരീക്ഷണങ്ങളിൽ നിന്നെല്ലാം അല്ലാഹു നമ്മെ രക്ഷിക്കുമാറാകട്ടെ. എപ്പോഴും സ്വിറാത്തുൽ മുസ്തഖീമിലൂടെ നടക്കുന്നവരാകട്ടെ. വൈസ്മരണയും നടന്നും ഇരു ന്നും ദുആകൾ ചെയ്യുന്നതിനോടുമൊപ്പം, ഈ ദിനങ്ങളിൽ പ്രത്യേകിച്ചും ഇതിനുശേഷം പൊതുവായും ജമാഅത്തായി നമസ്കരിക്കുന്നവരാകാൻ ശ്രദ്ധിക്കുക. പ്രത്യേകിച്ചും ഇവിടെ താമസിക്കുന്നവർ സുബ്ഹി നമസ്കാരത്തിൽ നിർബന്ധമായും പങ്കെടുക്കുക. എന്നല്ല ഇവിടെ തഹജ്ജുദിന്റെ ഏർപാടുമുണ്ട്. അതിനുവേണ്ടി തീർച്ചയായും ഉണരുകയും പങ്കെടുക്കുകയും ചെയ്യുക. ഇതുപോലെതന്നെ പ്രവർത്തകർക്ക് ഡ്യൂട്ടിക്കിടയിലുള്ള നേരങ്ങളിൽ, ജമാഅത്തായി നമസ്കരിക്കാൻ കഴിയുന്നില്ലെങ്കിൽ ഡ്യൂട്ടി കഴിഞ്ഞയുടനെ ജമാഅത്തായി നമസ്കരിക്കാൻ സംവിധാനം ചെയ്യുക. ഇല്ലെങ്കിൽ അവരവരുടെ സ്ഥലങ്ങളിൽ ഡ്യൂട്ടിക്ക് മുമ്പേ ജമാഅത്തായി നമസ്കരിക്കാൻ പറ്റുന്ന വിധത്തിൽ സമയം നിർണയിക്കുക.

അല്ലാഹു എല്ലാവർക്കും അവന്റെ തൃപ്തിക്കനുസരിച്ച് ജീവിക്കാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതിന്റെ ആ ത്മാവ് മനസ്സിലാക്കിക്കൊണ്ട് അതിനോടുള്ള കടമ നിറവേറ്റാൻ ഭാഗ്യം നല്കുമാറാകട്ടെ. ഈ ആത്മാവ് എന്താണ്? ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ തന്നെ ഞാൻ അത് വിവരിച്ചുതരാം. അവിടന്ന് പറയുന്നു; "നമ്മുടെ ജമാഅത്ത് തഖ്‌വ സ്വായത്തമാക്കാത്തിടത്തോളം മോക്ഷം പ്രാപിക്കുകയില്ല. അല്ലാഹു തന്റെ സംരക്ഷണത്തിലെടുക്കുകയുമില്ല" (മൽഫൂദാത്ത്, വാല്യം 5, പേജ്: 459, 1985 ലണ്ടൻ എഡിഷൻ)

വീണ്ടും പറയുന്നു: 'വീടുകളെ ദിക്റെ ഇലാഹികൊണ്ട് നിറയ്ക്കുക. ദാനധർമങ്ങൾ ചെയ്യുക. അല്ലാഹു കരുണ ചെയ്യുന്നതിന് പാപങ്ങളിൽ നിന്ന് രക്ഷിക്കുക.' (മൽഫൂദാത്ത്)

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹങ്ങൾ അനുസരിച്ച് ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ജൽസയുടെ കൃപാദാനങ്ങളിൽനിന്ന് കൃപ കരസ്ഥമാക്കുന്നവരാകട്ടെ. ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുആകളിൽ ഭാഗഭാക്കാകുന്നവരാകട്ടെ. ഈ ദിനങ്ങളിലും ഭാഗഭാക്കുന്നവരാകട്ടെ. ശേഷം നമ്മൾ അവയുടെ അനന്തരാവകാശികളാകട്ടെ. അല്ലാഹു എപ്പോഴും നന്മകൾ ചെയ്യാൻ തഫീഖ് നല്കിക്കൊണ്ടി രിക്കുമാറാകട്ടെ.

ആദ്യം പറഞ്ഞിട്ടില്ലാത്ത സംഘടനാപരമായ ഒരു കാര്യവും പറയാനാഗ്രഹിക്കുകയാണ്. സെക്യൂരിറ്റിയുടെ അടിസ്ഥാനത്തിലും നിങ്ങൾക്കു വലവും ഇടവും ഓരോരുത്തരും നിരീക്ഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. പങ്കെടുക്കുന്നവരും ഡ്യൂട്ടിനല്കുന്നവരും. ഈ ജോലിക്കു വേണ്ടി നിശ്ചയിക്കപ്പെട്ടവരുമായി പൂർണമായും സഹകരിക്കുക. എന്തെങ്കിലും വസ്തു കണ്ടാൽ ഉടനെ അവരെ അറിയിക്കുക. അല്ലാഹു പങ്കെടുക്കുന്ന എല്ലാവരെയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. ആർക്കെങ്കിലും എന്തെങ്കിലും തരത്തിലുള്ള നഷ്ടം ഉണ്ടാക്കുന്ന സംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കട്ടെ.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

### അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**പ്രപഞ്ചത്തിന്റെ ഓരോ അംശവും സാക്ഷിപറയുന്ന ആ അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നതിനെക്കാളുപരി മനുഷ്യന് മറ്റെന്താണ് ചെയ്യാൻ കഴിയുക. തന്റെ നടപ്പും തന്റെ കഠിനാധ്വാനവും തന്റേതായ ശക്തിയും കൊണ്ട് ദൈവിക പ്രകാശത്തിനുമേൽ അറിവുനേടുകയും ഈമാനികാവസ്ഥയിൽനിന്ന് ഇർഫാനീ അവസ്ഥവരെ എത്തുകയും 'മുശാഹദ'യുടേയും 'റുഅ്‌യ'ത്തിന്റേയും അവസ്ഥ തന്റെ ഉള്ളിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നത് മനുഷ്യകഴിവിൽപ്പെട്ടതല്ല.**

**(വിവ: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

**(തുടർച്ച)** സൂര്യൻ ഒരിക്കലും പകലിൽനിന്ന് വേറിട്ടതല്ലെന്ന കാര്യം പോലും ആ വിഡ്ഢി അറിയുന്നില്ല. അഹോ കഷ്ടം! അല്ലാഹുവിന്റെ അസ്തിത്വം മറഞ്ഞതിൽ മറഞ്ഞതും അദൃശ്യത്തിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതുമാണെന്ന് ഈ വിഡ്ഢി മനസ്സിലാക്കുന്നില്ല. ഒരു ബുദ്ധിയ്ക്കും അവനെ അന്വേഷിച്ചുകണ്ടെത്താനും സാധ്യമല്ല. അവൻ പറയുന്നു: *ലാ തുദ്‌രിക്കുഹുൽ അബ്സാറു വ ഹുവ യുദ്‌രിക്കുൽ അബ്സാറ*(6:104). ദൃഷ്ടിയും ബുദ്ധിയും അവനെ പ്രാപിക്കുകയില്ല. എന്നാൽ, അവൻ അവയുടെ അങ്ങേയറ്റംവരെ അറിയുന്നു. അവൻ അവയുടെമേൽ അധിപനുമാണ്. അവന്റെ തൗഹീദ് കേവലം ബുദ്ധികൊണ്ട് മനസ്സിലാക്കുക അസംഭാവ്യമാകുന്നു. കാരണം തൗഹീദിന്റെ യാഥാർഥ്യമെന്നു പറയുന്നത് ലോകത്തുള്ള എല്ലാ നിരർഥദൈവങ്ങളിൽ നിന്നുമുള്ള അകൽച്ചയാണ്; ബിംബങ്ങൾ, മനുഷ്യർ, സൂര്യൻ, ചന്ദ്രൻ തുടങ്ങിയ സാങ്കല്പിക ദൈവങ്ങളിൽ നിന്നുള്ള പിൻമാറ്റം!അതുപോലെതന്നെ ആന്തരികമായ ബിംബങ്ങളിൽനിന്നും ഒഴിഞ്ഞു നിൽക്കേണ്ടതാണ്. അതായത്, തന്റെ ആത്മീയവും ഭൗതികവുമായ കഴിവുകളെ ശരണം പ്രാപിക്കുകയും അതു പൊങ്ങച്ചത്തിന്റെ വിപത്തിൽ അകപ്പെടുകയും ചെയ്യുന്നതിൽനിന്ന് സ്വയംതന്നെ രക്ഷിക്കേണ്ടതാണ്. അഹങ്കാരം ഉപേക്ഷിക്കാതെയും റസൂലിന്റെ കോന്തല പിടിക്കാതെയും പരിപൂർണ തൗഹീദ് ലഭ്യമല്ലെന്നതാണ് വസ്തുത. തന്റെ ഏതെങ്കിലും ഒരു ശക്തിയെ അല്ലാഹുവിന്റെ ശക്തിക്ക് സമമായി കരുതുന്നവനെ എങ്ങനെയാണ് തൗഹീദ് വിശ്വാസി എന്നുപറയാൻ കഴിയുക. ഇക്കാരണത്താലാണ് പരിപൂർണമായ തൗഹീദിനെ വിശുദ്ധഖുർആൻ റസൂലിനെ പിൻപറ്റുന്നതുമായി എല്ലായിടത്തും ബന്ധപ്പെടുത്തി പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ, പരിപൂർണമായ തൗഹീദ് പുതിയൊരു ജീവിതമാണ്. അല്ലാഹുവിന്റെ റസൂലിനെ പിൻപറ്റിക്കൊണ്ട് തന്റെ തരംതാണ ജീവിതത്തിന്മേൽ മരണം വരിക്കാതെ മോക്ഷം ലഭിക്കുകയില്ല. ഇങ്ങനെയല്ലാതെ ആ ഭോഷന്മാരുടെ വാക്കുകേട്ടാൽ വിശുദ്ധഖുർആനിൽ വൈരുദ്ധ്യമുണ്ടെന്ന് സമ്മതിക്കേണ്ടിവരും. കാരണം, റസൂൽ മുഖേനയല്ലാതെ തൗഹീദ് ലഭിക്കുകയില്ലെന്നും മോക്ഷം പ്രാപിക്കാൻ സാധ്യമല്ലെന്നും ഒരു ഭാഗത്ത് അതു പറയുമ്പോൾ മറുഭാഗത്ത് റസൂൽ മുഖേനയല്ലാതെയും അതു ലഭിക്കുമെന്നും അതു പറയുന്നുവത്രെ! സത്യത്തിൽ തൗഹീദിനെയും മോക്ഷത്തിന്റെ സൂര്യനെയും പ്രദർശിപ്പിക്കുന്ന വ്യക്തി റസൂൽ മാത്രമാണ്. അദ്ദേഹത്തിന്റെ പ്രകാശത്താലാണ് തൗഹീദ് പ്രകടമാകുന്നത്. ചുരുക്കത്തിൽ അവർ പറയുന്നതുപോലുള്ള വൈരുദ്ധ്യം അല്ലാഹുവിന്റെ കലാമിൽ ബന്ധപ്പെടുത്താൻ സാധ്യമാവുകയില്ല.

തൗഹീദിന്റെ യാഥാർഥ്യത്തെ ഒട്ടും മനസ്സിലാക്കിയില്ല എന്നതാണ് ആ അജ്ഞൻ ചെയ്ത വലിയ തെറ്റ്. തൗഹീദ് ഒരു ജ്യോതിസ്സാണ്. ആന്തരികവും ബാഹ്യവുമായ എല്ലാ ബിംബങ്ങളെയും അകറ്റിയതിനുശേഷമേ അത് ഹൃദയത്തിൽ ജന്മം കൊള്ളുകയുള്ളൂ. ശരീരത്തിന്റെ ഓരോ അണുവിലും അത് കടന്നുചെല്ലും. അപ്പോൾ അല്ലാഹുവും അവന്റെ റസൂലും കൂടാതെ സ്വന്തം കഴിവുകൊണ്ടു മാത്രം അതെങ്ങനെ ലഭിക്കാനാണ്. തന്റെ പൊങ്ങച്ചത്തിന്റെമേൽ മരണം വരുത്തുകയെന്നതും അറിവാണെന്ന നാട്യം ഉപേക്ഷിച്ച് അജ്ഞനെപ്പോലെ, തന്നെ കാണുക എന്നതും ദുആ ചെയ്യുക എന്നതു മല്ലാതെ മനുഷ്യനെക്കൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ? അങ്ങനെ ചെയ്യുമ്പോൾ തൗഹീദിന്റെ പ്രകാശം അല്ലാഹുവിൽനിന്ന് അവനിൽ ഇറങ്ങുകയും പുതിയൊരു ജീവിതം അവന് നൽകപ്പെടുകയും ചെയ്യും.

വിശുദ്ധഖുർആനിൽ കുലങ്കഷമായി ചിന്തിക്കുമ്പോൾ മനസ്സിലാകുന്ന അർഥത്തെ–അല്ലാഹു എന്ന പദത്തിൽ, 'വിശുദ്ധ ഖുർആൻ അയച്ചതും, നബി(സ) തിരുമേനിയെ നിയോഗിച്ചതുമായ ആ ഉണ്മയാണവൻ എന്ന് അടങ്ങിയിരിക്കുന്നു' എന്ന അർഥത്തെ അവഗണിച്ചുകൊണ്ട് അല്ലാഹു എന്ന പദം ഒരു സാധാരണ അർഥം ഉൾക്കൊള്ളുന്നതാണെന്നും അതിന്റെ അർഥം ദൈവമെന്നാണെന്നുമുള്ള നമ്മുടെ എതിരാളികളുടെ വാദം താൽക്കാലികമായ നിലയിൽ അംഗീകരിച്ചാലും ഈ വചനം എതിരാളികൾക്ക് ഒട്ടും ഫലം ചെയ്യുകയില്ലെന്ന കാര്യവും അവസാനമായി വിവരിക്കേണ്ടത് അത്യാവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു. കാരണം അതിന്റെ ഉദ്ദേശ്യം കേവലം അല്ലാഹുവിലുള്ള വിശ്വാസം മോക്ഷപ്രാപ്തിക്ക് മതിയായതാണെന്നല്ല. മറിച്ച് ദൈവത്തിന്റെ ഏറ്റവും വലിയ നാമത്തിലും പരിപൂർണമായ എല്ലാ സവിശേഷഗുണങ്ങളുടേയും സമ്മേളനകേന്ദ്രമായ അല്ലാഹുവിലും ആരാണോ വിശ്വസിക്കുന്നത് അയാളെ അല്ലാഹു നഷ്ടത്തിലാക്കുകയില്ല എന്നാണിതിന്റെ ഉദ്ദേശ്യം. മെല്ലെ മെല്ലെ അവനെ ഇസ്ലാമിലേക്ക് കൊണ്ടുവരുന്നതാണ്. എന്തുകൊണ്ടെന്നാൽ ഒരു സത്യം മറ്റൊരു സത്യത്തിൽ പ്രവേശിക്കുന്നതിന് സഹായിയാണ്. അല്ലാഹുവിൽ ആത്മാർഥമായി വിശ്വസിക്കുന്നവർ അവസാനം സത്യത്തെ പ്രാപിക്കുന്നു.

സത്യഹൃദയത്തോടെ ആരാണോ അല്ലാഹുവിൽ വിശ്വസിക്കുന്നത് അവരെ അല്ലാഹു നഷ്ടത്തിലാക്കുകയില്ലെന്നും സത്യം അവർക്ക് തുറന്നുകൊടുക്കുമെന്നും അവർക്ക് നേരായമാർഗം കാണിച്ചുകൊടുക്കുമെന്നും വിശുദ്ധഖുർആനിൽ വാഗ്ദാനവുമുണ്ട്. അല്ലാഹു പറയുന്നു: *വല്ല ദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ*(29:70) അല്ലാഹുവിൽ വിശ്വസിക്കുന്നവർ നഷ്ടത്തിലാകുകയില്ലെന്നും, അവസാനം അല്ലാഹു സമ്പൂർണ സന്മാർഗം അവന് പ്രദാനം ചെയ്യുമെന്നുമാണ് ഈ ആയത്തിന്റെ അർഥം. സൂഫിവര്യന്മാർ ഇതിന് നിരവധി ഉദാഹരണങ്ങളെഴുതിയിട്ടുണ്ട്. അന്യസമുദായത്തിൽപ്പെട്ട ആളുകൾ പൂർണആത്മാർഥതയോടെ അല്ലാഹുവിൽ വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തപ്പോൾ അവരുടെ ആത്മാർഥതയ്ക്ക് പ്രതിഫലമെന്നോണം അല്ലാഹു അവരുടെ കണ്ണുകൾ തുറക്കുകയും തന്റെ പ്രത്യേക സഹായംകൊണ്ട് നബി(സ)തിരുമേനിയുടെ സത്യത അവരിൽ പ്രകടമാക്കുകയും ചെയ്തു. ഈ ആയത്തിൽ വന്ന അവസാനഭാഗത്തിന്റെ അർഥം ഇതുതന്നെയാണ്.

അല്ലാഹുവിന്റെ പ്രതിഫലം ഭൂമിയിൽ പ്രകടമാകാത്തിടത്തോളം പരലോകത്തും പ്രകടമാകുകയില്ല. ഈ ലോകത്ത് അല്ലാഹുവിൽ വിശ്വസിക്കുന്നവർക്ക് അല്ലാഹു സമ്പൂർണമായ സന്മാർഗം പ്രതിഫലമായി നല്കുന്നു. അവരെ നഷ്ടത്തിലാക്കുകയില്ല. അതിലേക്കാണ്, *വ ഇൻമിൻ അഹ്‌ലിൽകിതാബി ഇല്ലാ ലയുഅ്മിനന്ന ബിഹീ ഖബ്‌ല മൗത്തഹീ*(2:75)എന്ന വചനം സൂചന നൽകുന്നത്. യഥാർഥവിശ്വാസികളായ ഗ്രന്ഥാനുസാരികൾ സത്യഹൃദയത്തോടെ അല്ലാഹുവിലും അവന്റെ ഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്താൽ അവർ അവസാനം ഈ നബിയിലും വിശ്വസിക്കുന്നതാണ്. അങ്ങനെതന്നെയാണ് ഉണ്ടായിട്ടുള്ളതും. എന്തായാലും, ദുഷ്ടരായ ആളുകൾ–ഇവരെ ഗ്രന്ഥാനുസാരികൾ എന്ന് പറയാതിരിക്കേണ്ടതാണ്–അവർ വിശ്വസിക്കുകയില്ല. മുകളിൽ പറഞ്ഞകാര്യത്തിന് ഇസ്ലാമിക ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാം. അതിൽനിന്ന്, ആരെങ്കിലും ഒരു അണുത്തൂക്കം നന്മ ചെയ്താലും അതിന്റെ ഫലമായി ഇസ്ലാമിൽ അവനെ പ്രവേശിപ്പിക്കുന്നതാണെന്ന് മനസ്സിലാകുന്നു. അത്രമാത്രം ഉദാരനും കരുണാമയനുമാണവൻ. ഒരു ഹദീഥിൽ വന്നിരിക്കുന്നു. ഒരു സ്വഹാബി, നബി(സ)തിരുമേനിയോടു ചോദിച്ചു: 'അവിശ്വാസത്തിലായിരുന്നപ്പോൾ അല്ലാഹുവിന്റെ തൃപ്തിക്കായി ധാരാളം ധനം ഞാൻ അഗതികൾക്ക് കൊടുത്തിട്ടുണ്ട്. അതിന്റെ പ്രതിഫലവും എനിക്ക് ലഭിക്കുമോ? അവിടന്നു പറഞ്ഞു: 'ആ ദാനധർമങ്ങളാണ് ഇസ്ലാമിൽ നിന്നെ വലിച്ചുകൊണ്ടുവന്നത്.' ഇതേപ്രകാരം അന്യമതത്തിലുള്ള ആരെങ്കിലും അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി കരുതുകയും അവനെ സ്നേഹിക്കുകയും ചെയ്താൽ അല്ലാഹുവിന്റെ *'ഫലഹും അജ്‌റുഹും ഇൻദറബ്ബിഹിം'* എന്ന വചനമനുസരിച്ച് അവസാനം അയാളെ ഇസ്ലാമിൽ പ്രവേശിപ്പിക്കുന്നു. അല്ലാഹു ഇങ്ങനെയാണ് ബാബാനാനാക്കിനോടു ചെയ്തത്. അദ്ദേഹം ആത്മാർഥതയോടെ ബിംബാരാധന ഉപേക്ഷിക്കുകയും, തൗഹീദ് സ്വീകരിക്കുകയും, അല്ലാഹുവിനെ സ്നേഹിക്കുകയും ചെയ്തപ്പോൾ *'ഫലഹും അജ്‌റുഹും ഇൻദറബ്ബിഹിം'* എന്നു പറഞ്ഞ അതേ അല്ലാഹു അദ്ദേഹത്തിൽ വെളിപ്പെട്ടു. തന്റെ ഇൽഹാം മുഖേന ഇസ്ലാമിലേക്ക് അദ്ദേഹത്തെ നയിച്ചു. അങ്ങനെ അദ്ദേഹം മുസൽമാനായി. ഹജ്ജ് കർമവും നിർവഹിച്ചു.

'ബഹറുൽ ജവാഹിർ' എന്ന ഗ്രന്ഥത്തിലെഴുതിയിരിക്കുന്നു: അബുൽ ഖയ്ർ എന്നു പേരുള്ള ഒരു യഹൂദി ഉണ്ടായിരുന്നു. സന്മാർഗിയും സാത്വികനുമായിരുന്നു അദ്ദേഹം. അല്ലാഹു ഏകനും

പങ്കുകാരനില്ലാത്തവനുമാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അദ്ദേഹം ഒരു ദിവസം ചന്തയിൽപ്പോകുമ്പോൾ പള്ളിയിൽനിന്ന് ഒരു കുട്ടിയുടെ ഖുർആൻ പാരായണം കേട്ടു: *അലിഫ് ലാം മീം അ ഹസിബന്നാസു അൻ യുത്റകൂ അൻ യഖൂലൂ ആമന്നാ വഹും ലാ യുഫ്ത്തനൂൻ.*(29:2-3)

‘ഞങ്ങൾ വിശ്വസിച്ചുവെന്ന് പറയുന്നതുകൊണ്ടുമാത്രം വെറുതെയങ്ങു മോക്ഷം കിട്ടുമെന്ന് ജനങ്ങൾ കരുതുന്നുണ്ടോ? യഥാർഥ വിശ്വാസികളെപ്പോലെയുള്ള സമ്പൂർണ സ്ഥിരതയും കൂറും അവരിലുണ്ടോ എന്നറിയാൻ അവർ ദൈവമാർഗത്തിൽ ഇതുവരെ പരീക്ഷിക്കപ്പെട്ടിട്ടില്ല.’

ഈ ആയത്ത് അബുൽ ഖയ്റിന്റെ ഹൃദയത്തെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തെ അലിയിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം മസ്ജിദിന്റെ ഭിത്തിയോടു ചേർന്നു നിന്ന് ഏങ്ങലടിച്ചു കരഞ്ഞുപോയി. രാത്രിയിൽ സയ്യിദുനാ വ മൗലാനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യെ അദ്ദേഹം സ്വപ്നം കണ്ടു. നബി(സ)പറഞ്ഞു: *യാ അബൽ ഖയ്രി! അഅ്ജബ്നീ അന്ന മിഥ്ലക്ക മഅ കമാലി ഫള്ലിക്ക യുൻകിറു ബിനുബുവ്വത്തീ* ‘അബുൽ ഖയ്റേ! നിന്നെപ്പോലുള്ള ഉദാരതയും അന്തസ്സുമുള്ള ആൾ എന്റെ പ്രവാചകത്വത്തെ നിഷേധിക്കുന്നതിൽ എനിക്ക് അത്ഭുതം തോന്നുന്നു.’ നേരം വെളുത്തുടനെ അബുൽഖയ്ർ ഇസ്‌ലാംമതം സ്വീകരിച്ചു. തന്റെ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു.

ഇനി അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്ന ആളെ നരകത്തിൽനിന്ന് എന്തായാലും അല്ലാഹു രക്ഷിക്കും. എന്നാൽ, അന്ധന് മോക്ഷം നല്കുകയില്ല എന്നു പറയുന്നതും എനിക്കൊട്ടുംതന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല. സത്യത്തിൽ മോക്ഷത്തിന്റെ വേരാണ് മഅ്രിഫത്ത് അഥവാ അല്ലാഹുവിനെപറ്റിയുള്ള രഹസ്യജ്ഞാനം. അല്ലാഹു പറയുന്നു:*മൻ കാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽആഖിറത്തി അഅ്മാ വ അളല്ലു സബീലാ*(17:73)

‘ഈ ലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധൻ തന്നെയായിരിക്കും. അല്ലെങ്കിൽ അതിനെക്കാൾ താണവൻ. അല്ലാഹുവിന്റെ റസൂൽമാരെ തിരിച്ചറിയാത്തവൻ അല്ലാഹുവിനെയും തിരിച്ചറിഞ്ഞില്ല എന്നതാണ് സത്യം. അല്ലാഹുവിന്റെ മുഖത്തിന്റെ കണ്ണാടി അവന്റെ റസൂലാണ്. ഓരോരുത്തരും അല്ലാഹുവിനെ കാണുന്നത് ആ കണ്ണാടിയിലൂടെയാണ്. ഒരാൾ തന്റെ ആയുസ്സുമുഴുവൻ നബി(സ) തിരുമേനിയെ കള്ളനായിക്കാണുകയും നിഷേധിച്ചുകൊണ്ടിരിക്കുകയും വിശുദ്ധഖുർആനിനെ അവഗണിക്കുകയും ചെയ്തു. അല്ലാഹു അയാൾക്ക് കണ്ണുകൾ നല്കിയില്ല. ഹൃദയവും നല്കിയില്ല. അയാൾ ലോകത്ത് അന്ധനായിക്കഴിഞ്ഞു. അന്ധനായിത്തന്നെ മരിക്കുകയും ചെയ്തു. എന്നിട്ടും അയാൾ മോക്ഷം പ്രാപിച്ചുവത്രെ! ഇത് എത്തരത്തിലുള്ള മോക്ഷമാണ്. ഇതൊരു വിചിത്രമായ മോക്ഷം തന്നെ! അല്ലാഹു ആരിലാണോ കരുണ ചൊരിയാനാഗ്രഹിക്കുന്നത് അവന് ആദ്യമെ കണ്ണുകൾ നല്കുന്നതായി നാം കാണുന്നു. തന്നിൽനിന്ന് അറിവു പ്രദാനം ചെയ്യുന്നു. സ്വപ്നങ്ങളോ ഇൽഹാമോ മുഖേന നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള നൂറു കണക്കിന്നാളുകൾ നമ്മുടെ ജമാഅത്തിലുണ്ട്. കരുണയാൽ വിശാലമാണ് അല്ലാഹുവിന്റെ അസ്തിത്വം. ഒരു ചുവട് ആരെങ്കിലും അവനിലേക്ക് വെച്ചാൽ അവൻ അവരിലേക്ക് രണ്ടു ചുവടുവയ്ക്കുന്നു. അവനിലേക്ക് വേഗത്തിൽ നടക്കുന്നവരുടെ അരികിൽ അവൻ ഓടിവരുന്നു. അവരുടെ കണ്ണുകൾ തുറക്കുന്നു. അപ്പോൾ, ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുകയും സത്യഹൃദയത്തോടെ അവനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും, അവനെ സ്നേഹിക്കുകയും അവന്റെ ഇഷ്ടദാസരിൽ പ്രവേശിക്കുകയും ചെയ്തിട്ട്, അവനെ അന്ധനായിത്തന്നെ നിലനിറുത്തുകയും അല്ലാഹുവിന്റെ നബിയെ തിരിച്ചറിയാനൊക്കാത്തനിലയിൽ അന്ധനായിത്തന്നെ ഉപേക്ഷിക്കുകയും ചെയ്യുമെന്ന് എങ്ങനെ അംഗീകരിക്കാനാണ്? റസൂലിനെ തിരിച്ചറിയാത്തവനാണ് അന്ധൻ എന്നതിനെ പിന്താങ്ങുന്നതാണ് ഈ ഹദീദ്: *മൻ മാത്ത വലം യഅ്രിഫ് ഇമാമ സമാനിഹീ ഫഖദ് മാത്ത മീത്തത്തൽജാഹിലിയ്യത്തി*

കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തവൻ ജാഹിലിയ്യത്തിന്റെ മരണം വരിക്കുകയും നേരായ മാർഗപ്രാപ്തിയിൽനിന്ന് ദൗർഭാഗ്യവാനാകുകയും ചെയ്തു. (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 144-151) (ഈ വിഷയം ഇവിടെ അവസാനിച്ചു)

---

**( പേജ് 1ൽനിന്ന്)**

*അലയ്സല്ലാഹു ബി കാഫിൻ അബ്ദഹു, വലി നജ്അലഹു ആയത്തല്ലിന്നാസി വറഹ്മത്തൻമ്മിന്നാ വകാന അംറൻമ്മഖ്ളിയാ ഖൗലൽ ഹഖില്ലദീ ഫീഹി തംതറൂൻ*

തർജമ: ജനങ്ങൾ പറഞ്ഞു, ഹേ മർയമേ! വെറുക്കപ്പെട്ടതും നിന്ദ്യവുമായ എന്ത് പണിയാണ് നീ ചെയ്തിരിക്കുന്നത്? നിന്റെ പിതാവും നിന്റെ മാതാവും ഇപ്രകാരമുള്ളവരായിരുന്നില്ലല്ലോ.[2] എന്നാൽ, അല്ലാഹു ഈ ആരോപണങ്ങളിൽനിന്ന് തന്റെ ദാസനെ മോചിപ്പിക്കുന്നതാണ്. നാം അദ്ദേഹത്തെ (ഈ വിനീതനെ) ജനങ്ങൾക്കായി ഒരു ദൃഷ്ടാന്തമാക്കുന്നതാണ്. ആരംഭം തൊട്ടേ ഈ കാര്യം വിധിക്കപ്പെട്ടതാകകൊണ്ട് അപ്രകാരംതന്നെ സംഭവിക്കേണ്ടതാകുന്നു. ഇത് ഈസബ്നു മർയമാണ്. ജനങ്ങൾ ഇതിൽ സംശയിച്ചുകൊണ്ടിരിക്കുന്നു. ഇതുതന്നെയാണ് സത്യമായ വചനം. ഇതൊക്കെ ബറാഹീനെ അഹ്മദിയ്യായിലെ വചനങ്ങളാണ്. ഈ ഇൽഹാം വാസ്തവത്തിൽ ഹദ്റത്ത് ഈസാനബി (അ)യെ കുറിച്ചും അദ്ദേഹത്തിന്റെ മാതാവിനെക്കുറിച്ചുമുള്ള ഖുർആനിക വചനങ്ങളാണ്. ഈ വചനങ്ങളിൽ ഏതൊരു ഈസായെക്കുറിച്ച് ജനങ്ങൾ നിയമാനുസൃതമായ (അനുവദനീയമായ) രീതിയിലല്ലാതെ ജനിച്ച മനുഷ്യൻ എന്നാരോപിച്ചുവോ അദ്ദേഹത്തെക്കുറിച്ചാണ് അല്ലാഹു താൻ അദ്ദേഹത്തെ ഒരു ദൃഷ്ടാന്തമാക്കുന്നതാണെന്ന് പറഞ്ഞിരിക്കുന്നത്. ഏതൊരു ഈസായെക്കുറിച്ചുള്ള പ്രതീക്ഷയാണോ ഉണ്ടായിരുന്നത് അതേ ഈസാ തന്നെയാണിത്. ഇൽഹാമിയായ വചനങ്ങളിലുള്ള മർയം, ഈസാ എന്നതുകൊണ്ട് ഞാൻ തന്നെയാണുദ്ദേശ്യം. നാം അദ്ദേഹത്തെ ഒരടയാളമാക്കുമെന്ന് അല്ലാഹു അരുൾ ചെയ്തതും എന്നെക്കുറിച്ചുതന്നെയാണ്. ജനങ്ങൾ സംശയിക്കുന്നതും വരാനിരിക്കുന്നതുമായ അതേ ഈസബ്നുമർയം തന്നെയാണ് പറയപ്പെട്ടിരിക്കുന്നത്. ഇതുതന്നെയാണു സത്യം. വരാനിരിക്കുന്നയാൾ ഇതുതന്നെയാണ്. ഇതിലുള്ള സംശയം അജ്ഞത കൊണ്ടു മാത്രമാണ്. ദൈവരഹസ്യങ്ങളെക്കുറിച്ചറിയാത്തവരും യാഥാർഥ്യത്തിലേക്ക് ദൃഷ്ടിപായിക്കാതെ ബാഹ്യാർഥത്തിൽ മാത്രം ദൃഷ്ടി പായിക്കുന്നവരുമാണവർ.” (കശ്തിയെ നൂഹ് വാല്യം 19 പേജ് 50-52)

---

* 1. വിശുദ്ധ ഖുർആനിന്റെ അർഥഗർഭമായ ഈ ആലങ്കാരിക പ്രയോഗത്തേയും മഹ്ദീ മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)അതിനു നല്കിയ സാരസമ്പൂർണമായ വ്യാഖ്യാനത്തേയും ചില അല്പജ്ഞാനികൾ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യാറുണ്ട്. ഈ ആലങ്കാരികപ്രയോഗം അറബിയിലും ഉർദുവിലും മാത്രമല്ല മലയാള ഭാഷയിലുമുണ്ട്. ഉദാഹരണത്തിന് കോഴിക്കോടു മുതലക്കുളത്ത് ഒരു ‘മുസ്‌ല്യാർ’ക്ക് നല്കിയ സ്വീകരണയോഗത്തെ സംബന്ധിച്ച് ഒരു മുസ്‌ലിം ആഴ്ചപ്പതിപ്പിൽ വന്ന റിപ്പോർട്ടിലെ ഒരു ഭാഗം ശ്രദ്ധിക്കുക:“എന്നാൽ, കോഴിക്കോടു മുതലക്കുളം മൈതാനിയിൽ മുസ്‌ല്യാർക്ക് നല്കപ്പെട്ട സ്വീകരണയോഗത്തിൽ സ്വാഗതപ്രസംഗകൻ പറഞ്ഞത്, ശൈഖുനാ 10 ദിവസം ഗർഭം ധരിച്ചുവെന്നും 11-ാം ദിവസം അഹ്‌ലുസുന്നത്തെന്ന പൊന്നോമന കുഞ്ഞിനെ പ്രസവിച്ചുവെന്നുമാണ്.”(ശബാബ് 1992 ഫെബ്രുവരി 14 വെള്ളിയാഴ്ച പേജ് 9) (പ്രസാധകർ)

2. ഈ ഇൽഹാമിനെ സംബന്ധിച്ച് എനിക്കൊരു കാര്യം ഓർമവന്നു. ബട്ടാലയിൽ ഫദ്ൽശാഹ് എന്നോ മെഹ്ർശാഹ് എന്നോ പേരുള്ള ഒരു സയ്യിദുണ്ടായിരുന്നു. അദ്ദേഹത്തിന് എന്റെ പിതാവിനോടു വളരെയധികം സ്നേഹവും ബഹുമാനവുമായിരുന്നു. എന്റെ വാഗ്ദത്ത മസീഹ് വാദത്തെ കുറിച്ച് ആരോ അദ്ദേഹത്തോടു പറഞ്ഞപ്പോൾ അദ്ദേഹം വളരെ സങ്കടപ്പെട്ടുകൊണ്ടു പറഞ്ഞു:‘ഇദ്ദേഹത്തിന്റെ പിതാവ് വളരെ നല്ല ആളായിരുന്നു.’ അതായത് ഈ മനുഷ്യൻ ആരിൽനിന്നാണോ ഉണ്ടായത് അദ്ദേഹം സൽസ്വഭാവിയും കറ്റുകെട്ടിപ്പറയുന്നതിൽനിന്ന് വളരെ ദൂരസ്ഥനും സദ്വൃത്തനുമായ മുസ്‌ലിമായിരുന്നു. കൂടാതെ പലരും നിങ്ങൾ നിങ്ങളുടെ കുടുംബത്തിന് കളങ്കമുണ്ടാക്കിയിരിക്കുകയാണെന്ന് എന്നോടു പറഞ്ഞിരുന്നു.

## ഉപ സംഘടനകളുടെ വാർഷിക ഇജ്തിമ 2018

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ ഇജ്തിമകൾ 2018 ഒക്ടോബർ 12,13,14 (വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. എല്ലാ ഉപസംഘടനകളുടേയും അംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുഃആയോടുകൂടി ഖാദിയാൻ ദാറുൽ അമാനിലെ ആത്മീയ അന്തരീക്ഷത്തിൽ സംഘടിപ്പിക്കുന്ന ഈ ഇജ്തിമകളിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ നടത്തുക. ഈ ഇജ്തിമകൾ എല്ലാ വിധത്തിലും വിജയിക്കുന്നതിനുവേണ്ടി നിരന്തരം ദുഃആ ചെയ്തുകൊണ്ടിരിക്കുക. (പത്രാധിപർ)

### കലാമുൽ ഇമാം:-

**“വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്.” (മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**

**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

### കലാമുൽ ഇമാം:-

**“ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു.”(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**

**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋വഖ്ഫെആർസി ആദ്യം താങ്കളുടെ ആമിലായിൽനിന്നു തുടങ്ങുക. പിന്നീട് മറ്റുള്ളവരെ വഖ്ഫെആർസി ചെയ്യാൻ പ്രേരിപ്പിക്കുക. ❋പതിവായി നമസ്കരിക്കുന്നുണ്ടോ എന്നും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ എന്നും എം.ടി.എയുമായി ബന്ധമുണ്ടോ എന്നുമുള്ള കാര്യം ശ്രദ്ധിക്കുക. എല്ലാവരേയും എം.ടി.എയുമായി ബന്ധിപ്പിക്കുക. സ്നേഹത്തോടെ അവരെ അടുത്തുകൊണ്ടുവരിക. ❋ മസ്ജിദിലും ജമാഅത്തിന്റെ സെന്ററുകളിലും വന്നുംപോയുമിരിക്കുന്നതിനും ജമാഅത്തിലെ ആളുകൾ ആക്ടീവായിരിക്കുന്നതിനുമുള്ള പരിപാടികളുണ്ടാക്കുക. ❋ സ്കൈപ്പ് മുഖേന വിശുദ്ധഖുർആൻ പഠിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. ❋അൻസ്വാറിന് വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയുമോ എന്ന് പരിശോധിക്കുക. എന്നിട്ട് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക. ആമില ഏതു പരിപാടി തയ്യാറാക്കുകയാണെങ്കിലും എപ്പോഴും ആദ്യ സംബോധിതരായി തങ്ങളെ മനസ്സിലാക്കേണ്ടതാണ്. എന്റെ ഓരോ ഖുത്ബയുടേയും ആദ്യസംബോധിതർ തങ്ങളാണെന്ന് മനസ്സിലാക്കുക. അതിനുശേഷം മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുക. ❋ നിങ്ങളുടെ സ്വന്തം പരാതികളെ നിങ്ങളുടെ മതത്തിനുമേൽ വലയം ചെയ്യാൻ വിടരുത്. നിങ്ങളുടെ പരാതി നിങ്ങളിൽ മാത്രം ഒതുക്കിനിറുത്തുക. ചുറ്റും പരത്താതിരിക്കുക. സ്വന്തം വീടുകളിൽ ചർച്ച ചെയ്യാതിരിക്കുക. ❋നിളാമിന്നെതിരിൽ ഒരു കാര്യം ചെയ്യാതിരിക്കുക. ദുആ ചെയ്യുകയും നിങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ അല്ലാഹുവിനോടു സഹായം തേടുകയും ചെയ്യുക. ❋ എം.ടി.എയിൽ എന്റെ ഖുത്ബകളുമായി നിങ്ങളുടെ കുട്ടികളെ ബന്ധപ്പെടുത്തുക. നിങ്ങളുടെ വീടുകളിൽ നിങ്ങളുടെ കുട്ടികളെ എം.ടി.എയുമായി ബന്ധപ്പെടുത്തേണ്ടത് വളരെ നിർബന്ധമാണ്.

## അൻസ്വാറുല്ലാ ഡന്മാർക്ക് നാഷണൽ മജ്‌ലിസെ ആമില അംഗങ്ങൾക്ക് ഹുദൂർ അൻവറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും:

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2016 മെയ് 8 (ഞായറാഴ്ച)

**അത്ഫാലിന്റെ ക്ലാസ്:**

പരിപാടിയനുസരിച്ച് 6.30ന് ഹുദൂർ ലജ്ന ഹാളിൽ ആഗതരായി. ഹുദൂറുമൊത്ത് അത്ഫാലിന്റെയും നാസിറാത്തിന്റേയും പരിപാടി പ്രത്യേകം പ്രത്യേകമായിരുന്നു.

ആദ്യം അത്ഫാലിന്റെ ക്ലാസ് ആരംഭിച്ചു. വിശുദ്ധഖുർആൻ പാരായണത്തോടെയാണ് പരിപാടിയ്ക്ക് തുടക്കം കുറിച്ചത്. അസീസം സ്വാഇം അഹ്മദ് തിലാവത്ത് ചെയ്തു.അതിന്റെ ഉർദു തർജമ അസീസം മുഹമ്മദ് അൻസ്വർ മഹ്മൂദ് കേൾപ്പിച്ചു. ഹുദൂർ പറഞ്ഞു: 'നിങ്ങൾ വെറും ഉർദു തർജമയാണ് വെച്ചിട്ടുള്ളത്. അതുകൊണ്ട് ഈ കുട്ടികൾക്ക് എന്ത് മനസ്സിലാകാനാണ്? അവർക്ക് മനസ്സിലാകുന്നതിന് ഡാനിഷ് തർജ ഉണ്ടാകേണ്ടതായിരുന്നു. ഈ ആയത്തിന്റെ അർഥമെന്താണെന്നോ ഇത് എന്തു വസ്തുവാണെന്നോ അവർക്ക് മനസ്സിലാകുകയില്ല.'

അതിനുശേഷം അസീസം ശിയാൻ മഹ്ദീ, നബി(സ) തിരുമേനി അരുൾ ചെയ്ത താഴെ കാണുന്ന ഹദീഥ് കേൾപ്പിച്ചു. ഒരാൾ നബി(സ) തിരുമേനിയോടു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്നെ സ്വർഗത്തിലേക്ക് കൊണ്ടുപോകുന്നതും നരകത്തിൽനിന്ന് അകറ്റുന്നതുമായ എന്തെങ്കിലും കർമം എനിക്ക് പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: അല്ലാഹുവിനെ ആരാധിക്കുക. അവനോടു ഒന്നിനേയും പങ്കുചേർക്കാതിരിക്കുക. നമസ്കരിക്കുക. സക്കാത്ത് കൊടുക്കുക. ചാർച്ചയെ ചേർക്കുക. അതായത് ബന്ധുക്കളുമായി സ്നേഹത്തോടും പ്രീതിയോടുംകൂടി ജീവിക്കുക."

ഹുദൂർ പറഞ്ഞു: നിങ്ങൾ വിശുദ്ധഖുർആൻ പാരായണം ചെയ്തു. ഹദീഥ് വായിച്ചു. അതിൽനിന്ന് നിങ്ങൾക്കെന്താണ് മനസ്സിലായത്?

വിശുദ്ധഖുർആൻ വചനത്തിൽ തവക്കുലിനെ (സർവവും അല്ലാഹുവിൽ സമർപിക്കുക) കുറിച്ചാണ് പറഞ്ഞത്. അല്ലാഹുവിൽ തവക്കുൽ ചെയ്യുക എന്നാലെന്താണ്? ഹുദൂർ പറഞ്ഞു: അല്ലാഹുവിൽ തവക്കുൽ ചെയ്യുക എന്നാൽ, അല്ലാഹുവാണ് എല്ലാം നല്കുന്നവൻ. അവനിൽ സർവവും സമർഫിക്കേണ്ടതാണ്. എല്ലാ വസ്തുക്കളും കാത്തുസൂക്ഷിക്കുന്നവൻ അല്ലാഹുവാണെന്ന് അറിയുക. നിങ്ങൾ പഠിക്കുക. അധ്വാനിക്കുക. പൂർണമായും ശ്രമിക്കുക. പിന്നീട് അല്ലാഹുവിൽ തവക്കുൽ ചെയ്യുക; അവൻ നിങ്ങൾക്ക് നല്ലനിലയിൽ പരീക്ഷയെഴുതാൻ തൗഫീഖ് നല്കുന്നതിന് അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരിക്കുക. ജനങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നതിനു പകരം എല്ലാ കാര്യങ്ങളും അല്ലാഹുവിൽനിന്ന് പ്രതീക്ഷിക്കുക.

ഹുദൂർ ചോദിച്ചു: ശിർക്ക് എന്നാൽ എന്താണെന്ന് പറയുക? ഹുദൂർ പറഞ്ഞു: ശിർക്ക് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിനെതിരിൽ മറ്റാരെയെങ്കിലും ദൈവമായി മനസ്സിലാക്കുക എന്നാണ്. അല്ലാഹുവിനോടു മാത്രമാണ് ചോദിക്കേണ്ടത്. അവനെ മാത്രം ആരാധിക്കുക. അവിശ്വാസികൾ ബിംബങ്ങളെ പൂജിക്കാറുണ്ടായിരുന്നു. ഇങ്ങനെ അവർ ശിർക്ക് ചെയ്തിരുന്നു. അല്ലാഹുവിന്നെതിരിൽ തങ്ങളുടെ ബിംബങ്ങളെ ഉണ്ടാക്കിവെച്ചിരുന്നു. ഇപ്രകാരം അവർ ശിർക്ക് ചെയ്തിരുന്നു.

സക്കാത്തിനെ കുറിച്ച് ഹുദൂർ പറഞ്ഞു: ഇതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നാണ്. അത് ധനത്തെ ശുദ്ധമാക്കുന്നു. പിന്നീട് നിങ്ങൾക്ക് നിങ്ങളുടെ ധനം വർധിപ്പിക്കുന്നു.

നമസ്കരിക്കുക, സക്കാത്ത് കൊടുക്കുക എന്ന് വിശുദ്ധഖുർആനിലുണ്ട്. അതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുക എന്നാണ്. ചാരിറ്റിയിൽ കൊടുക്കുക. ചന്ദകളിൽ കൊടുക്കുക. ജനങ്ങളെ സഹായിക്കുന്നതിന് ചെലവഴിക്കുക. ദീനിന്റെ സേവനത്തിന് ചെലവഴിക്കുക. ദാനധർമങ്ങൾ കൊടുക്കുക. ഇക്കാര്യം സക്കാത്തിന്റെ കൂട്ടത്തിൽപെടുന്നു.

സക്കാത്ത് ഇസ്ലാമിൽ ഒരു പ്രത്യേകതരത്തിലുള്ള ചന്ദയുമാണ്. അതിന് ഒരു തോതുണ്ട്. ബാങ്കിൽ ഒരു നിശ്ചിതകാലംവരെ ഒരു നിശ്ചിതതുക നിക്ഷേപിക്കുമ്പോൾ ഒരു വർഷത്തിനുശേഷം ആ തുകയുടെ ഒരു ഭാഗം അല്ലാഹുവിന്റെ വഴിയിൽ കൊടുക്കണം.

സ്വർണത്തിനും സക്കാത്തുണ്ട്. വെള്ളിയ്ക്കും സക്കാത്തുണ്ട്. അതു രണ്ടിനും ഒരു നിശ്ചിത തോതുണ്ട്. വർഷം കഴിഞ്ഞതിനുശേഷം അതിന്റെ നാല്പതിൽ ഒരു വിഹിതം സക്കാത്ത് നല്കണം. ഈ വസ്തുക്കളുടെമേലുള്ള സക്കാത്ത് നബി(സ) തിരുമേനിയുടെ കാലം മുതലേ നിലവിലുള്ളതാണ്. ഇപ്രകാരംതന്നെ സക്കാത്ത് നിർബന്ധമാകുന്നു. മറ്റു വസ്തുക്കളുമുണ്ട്.

ഹുദൂർ പറഞ്ഞു: "ചാർച്ചയെ ചേർക്കുക എന്നു പറഞ്ഞാൽ എന്താണ്? ചാർച്ചയെ ചേർക്കുക എന്നു പറഞ്ഞാൽ പരസ്പരം ബന്ധുക്കളോടു നല്ലരീതിയിൽ പെരുമാറുക. പരസ്പരം കൂടിക്കലർന്ന് ജീവിക്കുക. സ്നേഹത്തോടും പ്രീതിയോടുംകൂടി കഴിയുക. നിങ്ങൾ പരസ്പരം നിങ്ങളുടെ കസിന്മാരുമായി വഴക്കിട്ടുകൊണ്ടിരുന്നാൽ അത് ചാർച്ചയെ ചേർക്കലല്ല. ചാർച്ചയെ ചേർക്കുക എന്നു പറഞ്ഞാൽ നിങ്ങൾ പരസ്പരം സഹോദരൻ, കസിൻ, ബന്ധുക്കൾ എല്ലാവരും ഒരാൾ മറ്റൊരാളുടെ കാര്യങ്ങൾ ശ്രദ്ധിക്കുക എന്നാണ്. അതിനുശേഷം അസീസം മുശീഥ് അഹ്മദ് മൽഫൂദാത്തിൽനിന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിത ശകലങ്ങൾ അവതരിപ്പിച്ചു.

"നമസ്കാരം അല്ലാഹുവിന്റെ അവകാശമാണ്. അത് നല്ലവണ്ണം നിറവേറ്റുക. വീടു മുഴുവൻ നഷ്ടപ്പെടുകയാണെങ്കിൽ നഷ്ടപ്പെടട്ടെ! എന്നാൽ, നമസ്കാരം ഉപേക്ഷിച്ചുകളയരുത്. നമസ്കാരം അശുഭകരമെന്ന് പറയുന്നവൻ അവിശ്വാസിയും കപടവിശ്വാസിയുമാണ്; നമസ്കാരം തുടങ്ങിയതോടെ ഞങ്ങൾക്ക് ഇന്നയിന്ന നഷ്ടമുണ്ടായെന്ന് അവർ പറയുന്നു. ദൈവകോപത്തിനുള്ള മാർഗമല്ല നമസ്കാരം; അത് അശുഭകരമാണെന്ന് പറയുന്നവന്റെ ഉള്ള് വിഷമാണ്; രോഗിക്ക് ചീരണി കയ്പുള്ളതായി തോന്നുന്നതുപോലെ അവന് നമസ്കാരത്തിന്റെ ആനന്ദം കിട്ടുന്നില്ല. അത് ദീനിനെ ശരിയാക്കുന്നു. സ്വഭാവത്തെ നേരെയാക്കുന്നു. ദുൻയാവിനെ നന്നാക്കുന്നു. നമസ്കാരത്തിലുണ്ടാകുന്ന ആനന്ദം ദുൻയാവിലെ എല്ലാ ഓരോ ആനന്ദത്തെക്കാളും ഉയർന്നതാണ്. ഭൗതികമായ ആനന്ദങ്ങൾക്കുവേണ്ടി ആയിരക്കണക്കിന് രൂപ ചെലവഴിക്കുന്നു. അതിന്റെ ഫലമാണെങ്കിലോ രോഗങ്ങളും. ഇതാണെങ്കിൽ അവനു ലഭിക്കുന്ന സൗജന്യമായ സ്വർഗമാണ്. വിശുദ്ധഖുർആനിൽ രണ്ട് സ്വർഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അവയിലൊന്ന് ഇഹലോക സ്വർഗമാണ്. അത് നമസ്കാരത്തിലെ ആനന്ദമാണ്." (മൽഫൂദാത്ത്, വാല്യം 3, പേജ് 591-592, 2003 ഇന്ത്യൻ പതിപ്പ്)

ഇതിനുശേഷം അസീസം ഫറാസ് അഹ്മദ് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ പദ്യം.

*കഭീ നുസ്റത്ത് നഹീ മിൽത്തീ*
*ദരെ മൗലാസെ ഗന്ദോംകൊ*
*കഭീ ളായേ നഹീകർത്താ വൊ*
*അപ്നെ നേക് ബന്ദോംകൊ*

മനോഹരമായ ഈണത്തിൽ അവതരിപ്പിച്ചു.

തുടർന്ന് അസീസം മുദ്ദഥർ അഹ്മദ് ഡന്മാർക്ക് രാജ്യത്തെ സംബന്ധിച്ച് വിജ്ഞാനപ്രദമായ ഒരു വിഷയം അവതരിപ്പിച്ചു. അതുകഴിഞ്ഞ് അസീസം ശമാഇഖ് അഹ്മദ്. മസ്ജിദ് നുസ്റത്ത് ജഹാൻ എന്ന വിഷയം അധികരിച്ചു പ്രസംഗിച്ചു.

അസീസം തന്റെ പ്രസംഗത്തിൽ പറഞ്ഞു: മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നതിനു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) 1967 ജൂലൈ 2ന് ട്രെയിൻ മാർഗം കോപ്പൺഹേഗിൽ ആഗതരായി എന്നു പറഞ്ഞു.

അതുകേട്ടപ്പോൾ ഹുദൂർ പറഞ്ഞു: ട്രെയിൻമാർഗം എവിടെനിന്നാണ് വന്നതെന്ന കാര്യം പറഞ്ഞിട്ടില്ല. അപ്പോൾ ഹുദൂറിനോടു പറഞ്ഞു: ഹമ്പർഗിൽ (ജർമനി)നിന്ന് ട്രെയിൻമാർഗം ഡന്മാർക്കിൽ വന്നു. ജർമനിയിൽനിന്ന് ഡന്മാർക്കിലേക്ക് വന്നപ്പോൾ വഴിയിൽ കടലുണ്ട്. ട്രെയിൻ പൂർണമായും ഫെറിയിൽ (കപ്പൽ) ബോർഡാകുന്നു. മറുവശത്ത് പോർട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ അതിന്റെ ട്രാക്കിൽ കയറുന്നു.

അതിനുശേഷം മസ്ജിദ് നുസ്റത്ത് ജഹാന്റെ ശിലാകർമത്തിന്റെ അവസരത്തിലെടുത്ത വീഡിയോ കാണിക്കപ്പെട്ടു. അതിൽ ഹദ്റത്ത് സാഹിബ് സാദാ മിർസാ മുബാറക് അഹ്മദ് സാഹിബ് തറക്കല്ലിടൽ കർമം നിർവഹിക്കുന്നത് കാണിക്കപ്പെട്ടു. ഈ അടിത്തറയിട്ടത് 1966 മെയ് 6നാണ്. ആ വീഡിയോയിൽ ഹദ്റത്ത് ചൗദ്രി സർ മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബ്(റ) നമസ്കാരത്തിന് ഇമാമത്ത് വഹിക്കുന്നതും കാണിക്കപ്പെട്ടു.

അതിനെ തുടർന്ന് അസീസം ശീറാസ് അഹ്മദ് പഞ്ചാബി ഭാഷയിൽ ഒരു സ്വാഗതഗാനം ആലപിച്ചു.

ഹുദൂർ അയ്യദഹുല്ലാഹ് അതിനുശേഷം കുട്ടികൾക്ക് ചോദ്യങ്ങൾ ചോദിക്കാൻ അനുവാദം നല്കി.

● ഒരു ത്വിഫ്ൽ ചോദിച്ചു: നമ്മൾ നമസ്കരിക്കുകയും നമസ്കാരം പൂർത്തിയാക്കാൻ കഴിയാതെ അതിന്റെ ഒരു ഭാഗം ബാക്കിയാകുകയും അതിന്നിടയിൽ ഇമാം ജമാഅത്തായ നമസ്കാരം ആരംഭിക്കുകയും ചെയ്താൽ നമ്മളെന്താണ് ചെയ്യേണ്ടത്?

ഹുദൂർ പറഞ്ഞു: ഫർള് നമസ്കാരം കൂടുതൽ പ്രധാനപ്പെട്ടതാണ്. നിങ്ങൾ സുന്നത്ത് നമസ്കരിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, മറുഭാഗത്ത് ഫർള് നമസ്കാരം തുടങ്ങിയാൽ സുന്നത്ത് ഉപേക്ഷിച്ച് ഫർള് നമസ്കാരത്തിൽ പങ്കെടുക്കുക. ഈ സുന്നത്തുകൾ പിന്നീട് നമസ്കരിക്കുക. ഹുദൂർ പറഞ്ഞു: ഇമാമിനോടൊപ്പം ജമാഅത്തായി നമസ്കരിക്കുക എന്നത് കൂടുതൽ നിർബന്ധമാണ്. കൂടുതൽ അനുഗ്രഹമാണ്. പ്രതിഫലത്തിന് നിമിത്തവുമാണ്. അതിൽ ഏകതയും ഏകീഭാവവും ഉണ്ടാകുന്നു. ഒരു ഇമാമിന്റെ പിന്നാലെ നടക്കുക എന്ന കല്പനയുമുണ്ട്.

ഹുദൂർ പറഞ്ഞു: ഫർള് നിങ്ങൾ നിർബന്ധമായും അനുഷ്ഠിക്കേണ്ടതാണ്. ഇമാം നമസ്കരിപ്പിക്കാൻ തുടങ്ങിയാൽ നിങ്ങൾ സുന്നത്തുകൾ, നഫ്ലുകൾ തുടങ്ങിയവ ഉപേക്ഷിച്ച് ഇമാമിനോടൊപ്പം ചേരുക. ഫർള് നമസ്കാരം അതിന്റെ നേരത്ത് നിർവഹിക്കേണ്ടത് നിർബന്ധമാണ്. സുന്നത്തുകൾ നബി(സ) തിരുമേനി നമസ്കരിച്ചു കാണിച്ചുതന്നു. അത് നിർവഹിക്കാൻ താക്കീത് ചെയ്തിട്ടുമുണ്ട്. പക്ഷേ, അത് മുന്നോട്ടോ പിന്നോട്ടോ ആകാവുന്നതാണ്. പക്ഷേ, സുന്നത്തുകൾ നിർവഹിക്കുന്നതിനുവേണ്ടി ഫർള് നമസ്കാരത്തെ മുമ്പേയും പിമ്പേയും ആക്കാൻ പറ്റുകയില്ല.

ഹുദൂർ പറഞ്ഞു: ഫർള് നമസ്കാരം മസ്ജിദിൽ ജമാഅത്തായി നടക്കുകയാണെങ്കിൽ നി ങ്ങൾ ഏതവസ്ഥയിലും ഇമാമിന്റെ പിന്നാലെ നിർവഹിക്കണം. മറ്റുള്ളതെല്ലാം പിന്നാക്കം പോകുന്നതായിരിക്കും. ഒരു ഇമാമിന്റെ പിന്നാലെ നടന്ന് ഏകീഭാവത്തിന്റെ പ്രകടനമുണ്ടാകുന്നു. അതുകൊണ്ട് അല്ലാഹു അതിന്റെ പ്രതിഫലവും പല ഇരട്ടിയായി വർധിപ്പിച്ചിരിക്കുന്നു; നിങ്ങൾ ഒത്തൊരുമയോടെ കഴിഞ്ഞാൽ ബർക്കത്ത് വർധിക്കുന്നതായിരിക്കും. നിങ്ങൾ ജമാഅത്തായി നമസ്കരിക്കുമ്പോൾ പരസ്പരമുള്ള ആത്മീയമായ സ്ഥാനങ്ങളുടെ സ്വാധീനവും ഓരോരുത്തരുടേയുംമേൽ ഉണ്ടാകുന്നു.

● ഒരു കുട്ടി ചോദിച്ചു: തൊപ്പി ധരിക്കുന്നതെന്തിനാണ്?

ഹുദൂർ പറഞ്ഞു: ഇസ്‌ലാം പറയുന്നു, അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുമ്പോൾ തല മറയ്ക്കുക എന്ന്. ഇതൊരു മര്യാദയുടെ അടയാളമാണ്. ഇംഗ്ലീഷുകാർ പറയുന്നത് ആരെയെങ്കിലും കാണുമ്പോൾ ധരിച്ചിരിക്കുന്ന തൊപ്പി തലയിൽനിന്ന് എടുത്തുമാറ്റുക എന്നതാണ് മര്യാദയുടെ അടയാളമെന്നാണ്. അതുമുഖേന മറ്റുള്ളവർ ബഹുമാനിക്കപ്പെടുമത്രെ! അവർ ഇങ്ങനെയാണ് തങ്ങളുടെ പാരമ്പര്യം ഉണ്ടാക്കിയിട്ടുള്ളത്.

ഹുദൂർ പറഞ്ഞു: അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുന്നതിനുള്ള വളരെ വലിയൊരു സ്ഥാനം ഹജ്ജാണ്. ആ നേരത്ത് മനുഷ്യൻ ദൈവവഴിയിൽ തന്റേതായതെല്ലാം മറന്നുപോകുന്നു. എല്ലാ കാര്യങ്ങളിൽനിന്നും അതീതനായി ദൈവസന്നിധിയിൽ ഹാജരാകുന്നു. നിങ്ങൾ ഹജ്ജ് ചെയ്തുകൊണ്ടിരിക്കുമ്പോൾ തൊപ്പിയും മാറ്റിവെക്കുന്നു. മുടിയും മുറിപ്പിക്കുന്നു. ഇത് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുന്നതിനുള്ള ഒരു ആത്മീയാവസ്ഥയാണ്; അതെങ്ങനെയുള്ളതാണെന്നാൽ, അതിൽ ഹാജരാകുന്ന വ്യക്തി തന്റെ അങ്ങേയറ്റത്തെ പ്രേമം പ്രകടിപ്പിക്കുന്നു.

ഹുദൂർ പറഞ്ഞു: നമ്മൾ തൊപ്പി ധരിക്കുന്നത് അദബിനു വേണ്ടിയാണ്. മറ്റുള്ളവരെ ആദരിക്കുന്നതിനുവേണ്ടിയാണ്.

ഹുദൂർ പറഞ്ഞു: മറ്റു ചില അറബ് മുസ്‌ലിം ജനതകളുണ്ട്. അവർ തൊപ്പിയില്ലാതെ നമസ്കരിക്കുന്നു. നിങ്ങൾക്കും ഇടയ്ക്ക് തൊപ്പി ലഭിക്കുന്നില്ലെങ്കിൽ തൊപ്പിയില്ലാതെ നമസ്കരിക്കാവുന്നതാണ്. പക്ഷേ, തൊപ്പി ധരിച്ച് നമസ്കരിക്കാൻ ശ്രമിക്കേണ്ടതാണ്.

● ഒരു കുട്ടി ചോദിച്ചു: ഖലീഫയാകാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ ഹുദൂറിന് എന്താണ് അനുഭവപ്പെട്ടത്?

ഹുദൂർ പറഞ്ഞു: നിങ്ങളുടെ ക്ലാസുകളിൽ ഞാൻ പല പ്രാവശ്യവും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണിത്. എം.ടി.എക്കാർ കാണിച്ചുകൊണ്ടേയിരിക്കുന്നു. വീഡിയോ കാണുക. വളരെ പ്രയാസകരവും വളരെ ഉത്തരവാദപ്പെട്ടതുമാണത്. അതുകൊണ്ട് വളരെ ഭാരം തോന്നിയിരുന്നു.

● ഒരു കുട്ടി ചോദിച്ചു: ഹുദൂർ വിവിധ രാജ്യങ്ങളിൽ യാത്ര ചെയ്യുന്നു. ഹുദൂറിന് അവധിയുള്ള ദിവസമില്ലേ?

ഹുദൂർ പറഞ്ഞു: അവധി ദിവസമൊന്നുമില്ല. ആഴ്ചയിൽ ഏഴു ദിവസവും ജോലി ചെയ്യുന്നു. ജോലിക്കിടയിൽ കുറച്ചു സമയമൊക്കെ എപ്പോഴെങ്കിലും കിട്ടാവുന്നതാണ്. അന്നാണ് അവധി. നാലോ അഞ്ചോ മാസത്തിനുശേഷം കുറച്ചു മണിക്കൂറുകൾ; അല്ലെങ്കിൽ ഒന്നോ അരയോ ദിവസമോ കിട്ടാറുണ്ട്. നിങ്ങൾ ആഴ്ചാവസാനം വീക്കെന്റ് ആഘോഷിക്കാറുണ്ട്. ഞാൻ ആഘോഷിക്കാറില്ല.

● ഒരു കുട്ടി ചോദിച്ചു. മുസ്‌ലിംകൾ എന്തിനാണ് ഹജ്ജിന് പോകുന്നത്?


ഹുദൂർ പറഞ്ഞു: ഇസ്‌ലാം കാര്യങ്ങൾ അഞ്ചാകുന്നു. കലിമ ത്വയ്യിബ, നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്. അടിസ്ഥാനപരമായ അഞ്ചു കാര്യങ്ങളാണിത്. ഹജ്ജും ഒരു ആരാധനയാണ്. പക്ഷേ, എല്ലാവർക്കും അത് നിർബന്ധമല്ല. യാത്രാചെലവ് കൈയിലുണ്ടാകുകയും സമാധാനപരമായ വഴിയുണ്ടാകുകയും ഹജ്ജ് ചെയ്യാൻ തടസ്സമൊന്നും ഉണ്ടാകാതിരിക്കുകയും ചെയ്യുന്നവർക്ക് ഹജ്ജ് നിർബന്ധമാണ്. ജീവിതത്തിൽ ഒരിക്കൽ ചെയ്താൽ അത് മതിയായതാണ്.

ഹുദൂർ പറഞ്ഞു: കഅ്ബ ദേവാലയം അല്ലാഹു നിർമിച്ച ആദ്യത്തെ വീടാണ്. അല്ലാഹു പറയുന്നു. ഇതെന്റെ ആദ്യത്തെ വീടാണ്. അതിന്റെ നിർമാണത്തിന് ആകാശത്തുനിന്ന് meteor വീണതാകാനും തികച്ചും സാധ്യതയുണ്ട്. വിവിധ ഗ്രഹങ്ങളിൽനിന്ന് കല്ലുകൾ പൊട്ടിത്തെറിച്ച് ഒരിടത്ത് വീണതാകാം. അതുകൊണ്ടാകാം ആദ്യം നിർമിക്കപ്പെട്ടത്. പിന്നീട് ഒരു കാലം വന്നു. ഇത് അവസാനിച്ചുപോയി. ഹദ്റത്ത് ഇബ്റാഹീമും ഹദ്റത്ത് ഇസ്മായീലും അതിനെ അതിന്റെ ആദ്യത്തെ അടിത്തറകളിൽ പുനർനിർമിച്ചു. പിന്നീട് നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ വീണ്ടും വീണു. അങ്ങനെ അവിടത്തെ കാലഘട്ടത്തിൽ വീണ്ടും അതേ ആദ്യത്തെ അടിത്തറയിൽ നിർമാണമുണ്ടായി. ഹജ്റെ അസ്വദ് വെക്കുന്നതിനുവേണ്ടി വഴക്കുണ്ടായി. നബി(സ) തിരുമേനിക്ക് അവസരം കിട്ടി. അവിടന്ന് ചാദർ വിരിച്ചു. നാലുമൂലയിലും പിടിക്കാൻ നേതാക്കളോടു പറഞ്ഞു. അങ്ങനെ അവിടന്ന് ഹജ്റെ അസ്വദ് പൊക്കി അതിന്റെ സ്ഥാനത്തുവെച്ചു. ഒരുതരത്തിൽ പറഞ്ഞാൽ നബി(സ) തിരുമേനിയുടെ ജീവിതത്തിൽ കഅ്ബ ദേവാലയത്തിന്റെ നിർമാണമുണ്ടായപ്പോൾ അതിന്റെ അടിസ്ഥാനപരമായ ജോലി അല്ലാഹു നബി(സ) തിരുമേനിയെക്കൊണ്ട് ചെയ്യിച്ചു.

ഹുദൂർ പറഞ്ഞു: മറ്റുള്ള ആരാധനകൾ പോലെതന്നെ ഹജ്ജ് ഒരു ആരാധനയാണ്. ഇത് നമസ്കാരം എല്ലാവർക്കും നിർബന്ധമാണെന്നതുപോലെ എല്ലാവർക്കും നിർബന്ധമല്ല.

ഹുദൂർ പറഞ്ഞു: ഹജ്ജിന്റെ ആരാധനയിൽ വിവിധ മാർഗങ്ങളുണ്ട്. ഇതിൽ ത്വവാഫ് ചെയ്യുന്നു. ഹദ്റത്ത് ഇബ്റാഹിം(അ)ന്റെയും ഹദ്റത്ത് ഇസ്മായിൽ(അ)ന്റെയും ത്യാഗങ്ങളെ സ്മരിക്കുന്നു. തങ്ങൾ ഒരു വസ്തുവുമല്ലെന്ന് അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രകടിപ്പിക്കുന്നു; ലബ്ബൈക്ക് ലബ്ബൈക്ക് എന്നു പറയുന്നു. ഇതു നിർബന്ധമായ ആരാധനയല്ല. മറിച്ച്, ചില നിബന്ധനകളോടുകൂടിയതാണ്. നിങ്ങളുടെ കൈയിൽ പണമുണ്ടെങ്കിൽ, ആരോഗ്യമുണ്ടെങ്കിൽ, വഴിച്ചെലവുണ്ടെങ്കിൽ, വഴി സുഗമമാണെങ്കിൽ തടസമൊന്നുമില്ലെങ്കിൽ ചെയ്യുക. അഹ്മദികളെ സർക്കാർതലത്തിൽ അവിടെ പോകാൻ അനുവദിക്കുകയില്ല. എന്നാൽ, എന്നിട്ടും അഹ്മദികൾ ഹജ്ജ് ചെയ്യാൻ പോകുന്നു. ഈ എല്ലാ നിബന്ധനകളും പൂർത്തിയായിട്ടുണ്ടെങ്കിൽ ഹജ്ജ് ചെയ്യേണ്ടതാണ്.

(തുടരും)



**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 4 October 2018 Issue-40

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**എനിക്ക് നിങ്ങൾക്ക് നല്കാനുള്ള സന്ദേശം ജമാഅത്തിലെ ഓരോ മെമ്പറും ജമാഅത്തായി നമസ്കരിക്കുന്നവരായിത്തീരുക എന്നതാണ്.**
**നമസ്കാരം ആരാധനയുടെ ഒരു ഉദാത്തമായ രൂപമാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുള്ള ഉന്നതമായ മാർഗമാണ്. സത്യവിശ്വാസിയുടെ ആത്മീയ ജീവിതത്തിന്റെ സംരക്ഷണത്തിന് നിർബന്ധമാണ്.**

**ആരാധനയുടെ തന്നെ ശക്തികൊണ്ടാണ് അഹ്മദിയ്യത്ത് ലോകത്ത് ഇസ്‌ലാമിനെ വിജയിപ്പിക്കേണ്ടത്. ഈ മാർഗത്തിലൂടെയാണ് അഹ്മദിയ്യത്തിന്റെ വാഹനം മുന്നോട്ടുപോയ്കൊണ്ടിരിക്കുന്നതും.**

**2017 ഒക്ടോബർ 13,14 തിയതികളിൽ സംഘടിപ്പിച്ച സ്പെയിൻ ജൽസാ സാലാനയുടെ അവസരത്തിൽ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ പ്രത്യേക സന്ദേശം.**

**സ്പെയിൻ അഹ്മദിയ്യാ ജമാഅത്തിന് മുപ്പതാമത് ജൽസാ സാലാന 2017 ഒക്ടോബർ 13,14 തിയതികളിൽ പെഡ്രോബാദിലെ ബിശാറത്ത് മസ്ജിദിൽ സംഘടിപ്പിക്കാൻ തൗഫീഖ് കിട്ടി. ജൽസയിൽ പങ്കെടുക്കാൻ ക്ഷണിച്ചുകൊണ്ട് പത്രങ്ങളിൽ കത്ത് പ്രസിദ്ധീകരിച്ചു. തദ്ദേശ റേഡിയോ ചാനലിലൂടെയും ജൽസയിൽ പങ്കെടുക്കാൻ ജനങ്ങളെ ക്ഷണിച്ചു. രാജ്യത്തെ സുപ്രധാന വ്യക്തികളെ നേരിൽ കാണുകയും അവരെ ജൽസയിൽ പങ്കെടുക്കുന്നതിന് ക്ഷണിക്കുകയും ചെയ്തു. ആദ്യദിവസം ജുമുഅ നമസ്കാരത്തിന് ഭക്ഷണത്തിനുംശേഷം പതാക ഉയർത്തൽ പരിപാടി നടന്നു. ആദ്യ സെഷൻ അമീർസാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഖുർആൻ പാരായണത്തിനുശേഷം ബഹുമാനപ്പെട്ട അമീർ സാഹിബ് ഹുദൂർ അയ്യദഹുല്ലായുടെ സന്ദേശം വായിച്ചു കേൾപിച്ചു. 2018 ജൂൺ 1– ന് അൽഫദ്ൽ ഇന്റർനാഷണൽ പ്രസിദ്ധീകരിച്ച ആ സന്ദേശം ബദ്ർ വായനക്കാർക്കുവേണ്ടി ഞങ്ങൾ പ്രസിദ്ധീകരിക്കുകയാണ്. (പത്രാധിപർ)**

പ്രിയപ്പെട്ട സ്പെയിൻ ജമാഅത്തംഗങ്ങളേ!

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.

അൽഹംദുലില്ലാഹ് സ്പെയിൻ അഹ്മദിയ്യാ ജമാഅത്തിന് തങ്ങളുടെ ജൽസാ സാലാന സംഘടിപ്പിക്കാൻ ഭാഗ്യം കിട്ടിയിരിക്കുകയാണ്. അല്ലാഹു നിങ്ങളുടെ ഈ ജൽസയെ നന്മയ്ക്കും അനുഗ്രഹത്തിനും നിമിത്തമാക്കിത്തീർക്കട്ടെ. അതിലെ വൈജ്ഞാനികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽ നിന്ന് ഫലമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഞാൻ യു.കെ അൻസ്വാറുല്ലായുടെ ഇജ്തിമായുടെ അവസരത്തിൽ സുപ്രധാനവും അടിസ്ഥാനപരവുമായ ഒരു കാര്യത്തിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു. അത് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ കാര്യമാണ്. എല്ലാ ഓരോ സത്യവിശ്വാസിയുടെയും നിർബന്ധ കടമയാണ്. ആ അടിസ്ഥാനപരമായ കാര്യം നമസ്കാരമാണ്. വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് അത് താക്കീതു ചെയ്തു പറഞ്ഞിരിക്കുന്നു. നിങ്ങളുടെ ഈ ജൽസാസാലാനയിലും എനിക്ക് നിങ്ങൾക്ക് നല്കാനുള്ള സന്ദേശം ജമാഅത്തിലെ ഓരോ മെമ്പറും ജമാഅത്തായി നമസ്കരിക്കുന്നവരായിത്തീരുക എന്നതാണ്. അല്ലാഹുവിന്റെ യഥാർഥ ദാസനാകാൻ ആവശ്യമായിട്ടുള്ളത് അവനെ ആരാധിക്കുക എന്ന കടമ നിറവേറ്റുക എന്നതാണ്. നമസ്കാരം ആരാധനയുടെ ഒരു ഉദാത്തമായ രൂപമാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുള്ള ഉന്നതമായ മാർഗമാണ്. സത്യവിശ്വാസിയുടെ ആത്മീയ ജീവിതത്തിന്റെ സംരക്ഷണത്തിന് നിർബന്ധമാണ്. ആരാധനയുടെ തന്നെ ശക്തികൊണ്ടാണ് അഹ്മദിയ്യത്ത് ലോകത്ത് ഇസ്‌ലാമിനെ വിജയിപ്പിക്കേണ്ടത്. ഈ മാർഗത്തിലൂടെയാണ് അഹ്മദിയ്യത്തിന്റെ വാഹനം മുന്നോട്ടുപൊയ്കൊണ്ടിരിക്കുന്നതും. ഈ ജൽസയ്ക്കുവേണ്ടി സംഘടിച്ചിട്ടുള്ള നിങ്ങൾ, നമസ്കാരം അതിന്റെ നേരത്ത് നമസ്കരിക്കുമെന്നും അല്ലാഹു അനുവദിച്ചിട്ടുള്ള നേരത്തല്ലാതെ നമസ്കാരം ജംആക്കുകയില്ലെന്നും പ്രതിജ്ഞ ചെയ്യുക. ഞാൻ ആ ഭാഗത്തേക്ക് പലപ്രാവശ്യം നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതാണ്. മസ്ജിദിൽ പോയി ജമാഅത്തായി നമസ്കരിക്കാൻ ശ്രമിക്കുക. മസ്ജിദ് ഇല്ലെങ്കിൽ നമസ്കാര സെന്ററുകൾ ഉണ്ടാക്കുക. അവിടെ അഹ്മദികൾ ഒന്നിച്ച് നമസ്കരിക്കുക. വീടുകളിൽ ഭാര്യമാരോടും കുട്ടികളോടുമൊപ്പം ജമാഅത്തായി നമസ്കരിക്കാൻ സൗകര്യമൊരുക്കുക. ആരാധനയിലും ദൈവസ്മരണയിലും വിഭൂഷിതരാകും വിധം നിങ്ങളുടെ വീടുകളെ അലങ്കരിക്കുക.

ഹദ്റത്തുൽ മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ നമസ്കാരത്തിന്റെ ചിത്രം വരച്ചു കാണിച്ചിട്ടുള്ളത് ഇങ്ങനെയാണ്. നമസ്കാരം എങ്ങനെയുള്ള കാര്യമാണെന്നാൽ, ശക്തി ചെലുത്തിയും ശ്രദ്ധയോടുകൂടിയും അനുഷ്ഠിക്കുന്നില്ലെങ്കിൽ വീണുപോകുന്നതാണ്. അവിടന്ന് പറഞ്ഞു; നമസ്കാരം നിലനിറുത്തുക എന്ന് വിശുദ്ധ ഖുർആനിൽ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. വളരെ അധികമായി വിവിധ രീതിയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. നമസ്കാരം സ്വയം നിലനില്ക്കുകയില്ലെന്ന് പറയുകയാണ് അതിന്റെ ഉദ്ദേശ്യം. നിങ്ങൾ അതിൽനിന്ന് അശ്രദ്ധരാകുമ്പോഴെല്ലാം അത് വീണു പോകുന്നതാണ്. അതുകൊണ്ട് പ്രത്യേകമായ നിലയിൽ ഓരോ അഹ്മദിയും നമസ്കാരങ്ങളെ സംരക്ഷിക്കണം. ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് പ്രഥമസ്ഥാനം നല്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: നമസ്കാരം എങ്ങനെയുള്ള കാര്യമാണെന്നാൽ, അതു മുഖേന ആകാശം മനുഷ്യന്റെ മുമ്പിൽ കുനിയുന്നു. നമസ്കാരത്തിനോടുള്ള കടമ നിറവേറ്റുന്നവൻ കരുതുന്നത്, താൻ മരിച്ചുവെന്നും തന്റെ ആത്മാവ് ഉരുകി അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീണുവെന്നുമാണ്. നമസ്കാരമുള്ള വീടുകൾ നശിക്കുകയില്ല.... അതിനുള്ള കല്പന നിത്യവും അഞ്ചുതവണ നിറവേറ്റുക എന്നതാണ്. അതിനാൽ സമ്പൂർണമായ നമസ്കാരം ഉണ്ടാകാത്തിടത്തോളം അതിൽനിന്ന് ലഭിക്കേണ്ട അനുഗ്രഹങ്ങളും ലഭിക്കുകയില്ല. അവന്റെ ബയ്അത്തും ഫലം ചെയ്യുകയില്ല." (മൽഫൂദാത്ത്, വാള്യം:3, പേജ്:62, 2003 റബ്വ എഡിഷൻ)

രണ്ടാമത്തെ സുപ്രധാന കാര്യം സൃഷ്ടികളോടുള്ള കടമയാണ്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റുക. നിങ്ങൾ അവരെ തബ്‌ലീഗ് ചെയ്യുന്നതിലൂടെയും അത് നിറവേറ്റപ്പെടുന്നതാണ്. ഇസ്‌ലാമിന്റെ സമാധാന നിർഭരമായ സന്ദേശം പറഞ്ഞു കൊടുക്കുക. തങ്ങളുടെ കർമപരമായ മാതൃക അവരുടെ മുന്നിൽ അവതരിപ്പിക്കുക. ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങൾ അവർക്ക് അറിയിച്ചുകൊടുക്കുക. മറ്റു മുസ്‌ലിംകൾ തങ്ങളുടെ പ്രവർത്തനങ്ങൾക്കൊണ്ട് ഇസ്‌ലാമിന് നഷ്ടമുണ്ടാക്കിയിരിക്കുന്നു, നിങ്ങൾ നിങ്ങളുടെ മാതൃകകൊണ്ട് അതകറ്റാൻ ശ്രമിക്കുക. അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണ് നിങ്ങളിലുള്ളത്. നിങ്ങളെ ഖിലാഫത്തിന്റെ നിഅ്മത്തുകൊണ്ട് കടാക്ഷിച്ചു. അത് അനശ്വരമാണ്. ഖിയാമത്തുനാൾവരെ തുടരുന്നതാണ്. ഈ ഖിലാഫത്ത് ഓരോ ശ്വാസത്തിലും നിങ്ങൾക്ക് മാർഗദർശനം നല്കുന്നു. ഇസ്‌ലാമിനുവേണ്ടി പ്രതിരോധിച്ചു കൊണ്ടിരിക്കുന്നു. അതിന്റെ അനുസരണത്തിലൂടേയും മാർഗനിർദേശത്തിലൂടേയും നിങ്ങൾ ചുവടുകൾ മുന്നോട്ടുവെക്കുക.

വസ്സലാം
വിനീതൻ

മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ്

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin